ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഒക്ടോബർ 6 | ദീപം 55 | നാളം 30 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# രാഹുലിന്റെ ദ്രുതചലനം കോൺഗ്രസിനെ വഴിനടത്തുമോ?




പ്രഫ. റോണി കെ. ബേബി


രാഹുൽ ഗാന്ധി നടക്കുകയാണ്. സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഇന്ത്യയുടെ രാഷ്ട്രീയഗതികളെ നിർണായകമായി സ്വാധീനിച്ച നെഹ്റുകുടുംബത്തിലെ ഇളംതലമുറക്കാരൻ ഒരു വലിയ ദൗത്യവുമായാണു നടക്കുന്നത്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പകയുടെയും രാഷ്ട്രീയം വെട്ടിമുറിച്ച ഇന്ത്യയുടെ രാഷ്ട്രീയഭൂമികയെ തിരികെ ഒരുമിപ്പിക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വവുമായാണ് രാഹുൽ ഗാന്ധി നടക്കുന്നത്. സ്വതന്ത്രേന്ത്യയിൽ ഇതിനുമുമ്പ് ഒരു രാഷ്ട്രീയനേതാവും ഏറ്റെടുക്കാത്ത വലിയ വെല്ലുവിളിയാണ് രാഹുൽ ഗാന്ധിയുടെ മുമ്പിലുള്ളത്. യാത്ര തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ ദേശീയതലത്തിൽത്തന്നെ വലിയ മാധ്യമശ്രദ്ധ നേടിയെടുക്കാൻ രാഹുൽ ഗാന്ധിക്കു കഴിഞ്ഞുവെന്നതു നിസ്സാരകാര്യമല്ല. പൊതുസമൂഹത്തിനിടയിൽ മികച്ച പ്രതികരണം സൃഷ്ടിക്കാനും യാത്രയ്ക്കു കഴിഞ്ഞിട്ടുണ്ട്.

### പദയാത്രയുടെ മുദ്രാവാക്യം

'മിലെ കദം ജുടെ വതൻ' എന്നതാണു പദയാത്രയുടെ മുദ്രാവാക്യം. ഒരുമിച്ചുള്ള ചുവടുകൾ രാജ്യത്തെ ഒരുമിപ്പിക്കും എന്നാണ് മുദ്രാവാക്യത്തിന്റെ അർത്ഥം. സാമൂഹികസൗഹാർദത്തിന്റെ സന്ദേശമാണ് ഈ ജാഥയിലൂടെ രാഹുൽ ഗാന്ധി നൽകുന്നത്. തൊഴിലില്ലായ്മ, വിലക്കയറ്റം തുടങ്ങി യുവാക്കൾക്കും കർഷകർക്കും സ്ത്രീകൾക്കും കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ജനമധ്യത്തിൽ ഉന്നയിക്കാൻ ഈ യാത്ര ലക്ഷ്യമിടുന്നു. 'ഭാരത് ജോഡോ യാത്ര' ഒരു 'തപസ്യ'പോലെയാണെന്നും രാജ്യത്തെ ഒന്നിപ്പിക്കാനുള്ള നീണ്ട പോരാട്ടത്തിന് താൻ തയ്യാറാണെന്നും ഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബിൽ പൗരപ്രമുഖരുമായും സാമൂഹിക സംഘടനാപ്രതിനിധികളുമായും നടന്ന ഭാരത് ജോഡോ യാത്രാ കോൺക്ലേവിൽ രാഹുൽ ഗാന്ധി പറയുകയുണ്ടായി. 'ഇന്ത്യയെ ഒന്നിപ്പിക്കുന്നത് നീണ്ട യുദ്ധമായിരിക്കുമെന്ന് അറിയാമെങ്കിലും അതിനു ഞാൻ തയ്യാറാണ്. നിലവിൽ രാജ്യത്തിന്റെ രാഷ്ട്രീയം ധ്രുവീകരിക്കപ്പെട്ടിരിക്കുന്നു. ഒരു വശത്ത് സംഘപരിവാർശക്തികളുടെ പ്രത്യയശാസ്ത്രവും മറുവശത്ത് എല്ലാവരെയും ഒന്നിപ്പിക്കുന്ന പ്രത്യയശാസ്ത്രവുമാണെന്ന ആശയം പ്രചരിപ്പിക്കുകയാണു യാത്രയുടെ ലക്ഷ്യം' എന്നും കോൺക്ലേവിൽ രാഹുൽ ഗാന്ധി കൂട്ടിച്ചേർത്തു.

### ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ദീർഘമേറിയ പദയാത്ര

ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ദീർഘമേറിയ പദയാത്രയാകും ഭാരത് ജോഡോ യാത്ര. പദയാത്രയിൽ കുറഞ്ഞതു പത്തു കോടി ആളുകളെങ്കിലും പങ്കെടുക്കുമെന്നാണു കരുതുന്നത്. പ്രത്യേകമായി തിരഞ്ഞെടുത്ത 118 സ്ഥിരാംഗങ്ങൾ കന്യാകുമാരിമുതൽ കാശ്മീർ വരെ 148 ദിവസങ്ങളായി 3571 കിലോമീറ്റർ രാഹുൽ ഗാന്ധിയോടൊപ്പം പദയാത്രയിൽ അണിചേരും. ജോഡോ യാത്ര കടന്നുപോകുന്ന ഓരോ സംസ്ഥാനത്തുനിന്നും തിരഞ്ഞെടുക്കുന്ന 100 അംഗങ്ങൾ അതതു സംസ്ഥാനങ്ങളിൽ ആദ്യവസാനം പദയാത്രയുടെ ഭാഗമാകും. ഭാരത് ജോഡോ യാത്ര കടന്നുപോകാത്ത സംസ്ഥാനങ്ങളിൽനിന്നു പദയാത്രയിൽ പങ്കാളിത്തം ഉറപ്പാക്കാൻ നൂറ് അംഗങ്ങളെയും ഉൾപ്പെടുത്തും. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന, മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഡൽഹി, ഹരിയാന, പഞ്ചാബ്, ജമ്മു എന്നിവിടങ്ങളിലൂടെയാണ് യാത്ര കടന്നുപോകുന്നത്. 203 നിയമസഭാമണ്ഡലങ്ങളും 68 ലോക്സഭാമണ്ഡലങ്ങളും യാത്രയിൽ പിന്നിടും.

### ഇന്ത്യയെ ഒരുമിപ്പിക്കാനുള്ള യാത്ര

രാജ്യം വലിയ വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിലാണ് ഭാരത് ജോഡോ പദയാത്രയുമായി രാഹുൽ ഗാന്ധി എത്തുന്നത്. മുമ്പൊരിക്കലും ഇല്ലാത്തവിധം വർഗീയ വിഭാഗീയചിന്തകൾ രാജ്യത്തു പിടിമുറുക്കിക്കഴിഞ്ഞിരിക്കുന്നു. ബഹുസ്വരതയിൽ അധിഷ്ഠിതമായി നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ ദർശനത്തിലാണ് നമ്മൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയെ പടുത്തുയർത്തിയതെങ്കിൽ, ആ മഹത്തായ ആശയങ്ങൾ ഇന്നു കൈമോശം വരുകയാണ്. നമ്മൾ എന്ന ചിന്തയിൽ നിന്ന് ഞങ്ങളും നിങ്ങളുമായി രാജ്യം മാറിയിരിക്കുന്നു. കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളിലായി രാജ്യത്തെ ഒരുമിപ്പിച്ചുനിറുത്തിയിരുന്ന ഭരണഘടനയിൽപ്പോലും വല്ലാതെ പോറലുകൾ ഏല്പിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഭരണഘടനപോലും മാറ്റിയെഴുതണമെന്നും ഇന്ത്യയെ ഒരു മതാധിഷ്ഠിതരാജ്യമായി മാറ്റണമെന്നുമുള്ള വാദങ്ങൾക്കു സ്വീകാര്യത കൂടിവരുന്നത് നമ്മളെ വല്ലാതെ ഭയപ്പെടുത്തുന്നുണ്ട്. ഭയവും അരക്ഷിതത്വവുമാണ് ചുറ്റുപാടും പ്രബലമാകുന്നത്. ജനാധിപത്യസ്ഥാപനങ്ങളും മൂല്യങ്ങളും വലിയ പരീക്ഷണങ്ങളെ നേരിടുകയാണ്. സംവാദത്തിന്റെയും സഹിഷ്ണുതയുടെയും പൊതുവിടങ്ങളെല്ലാം ഇന്നു സമഗ്രാധിപത്യചിന്തകൾ കീഴ്പ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു.

രാജ്യത്തിന്റെ ദേശീയതപോലും പുനർനിർവചിക്കപ്പെടുകയും പുനർനിർമിക്കപ്പെടുകയുമാണ്. ദേശീയതയ്ക്കു പുതിയ അവകാശികൾ രംഗപ്രവേശം ചെയ്തിരിക്കുന്നു. യഥാർത്ഥ ദേശീയത തമസ്കരിക്കപ്പെടുകയും കപടദേശീയത ആധിപത്യം നേടുകയും ചെയ്യുന്നു. ദേശീയതയുടെ അവകാശം ചിലർക്കുമാത്രം കുത്തകവത്കരിക്കപ്പെടുകയും വലിയവിഭാഗം ജനങ്ങളെ ദേശീയതയുടെ നിർവചനത്തിൽനിന്ന് ആസൂത്രിതമായി പുറന്തള്ളുകയും ചെയ്യുന്നു. അതിതീവ്രദേശീയതയും അതിതീവ്രദേശസ്നേഹവും ആഘോഷമാക്കുകയും വസ്തുതകളെ ആസൂത്രിതമായി തുടച്ചുനീക്കുകയും ചെയ്യുന്ന, സാമ്പത്തികമായി രാജ്യം വളരുകയും പൗരന്മാർ തളരുകയും ചെയ്യുന്ന സവിശേഷസാഹചര്യമാണ് ഇന്ത്യയിലുള്ളത്. ജി എസ് ടിയും ഭീമമായ ഇന്ധനനികുതിയുമൊക്കെ രാജ്യത്തിന്റെ പണപ്പെട്ടികളെ സമ്പന്നമാക്കിയിട്ടുണ്ട്. ജി ഡി പി കുതിച്ചുകയറുന്നതിനൊപ്പം തൊഴിലില്ലായ്മാനിരക്കും കുതിച്ചുകയറുകയാണ്. കറൻസി പിൻവലിക്കലും ജി എസ് ടിയും കോടിക്കണക്കിനു ചെറുകിടവ്യവസായ യൂണിറ്റുകളുടെ പതനത്തിനിടയാക്കി.

വർഗീയതയ്ക്കൊപ്പം സാമ്പത്തികാസമത്വവും രാജ്യത്തെ ഭീകരമായ രീതിയിൽ തുറിച്ചുനോക്കുകയാണ്. രാജ്യത്തു ശതകോടീശ്വരന്മാർ പെരുകുമ്പോൾ അതിദരിദ്രരുടെ എണ്ണവും കുതിച്ചുകയറുന്നതായി കണക്കുകൾ പറയുന്നു. പണപ്പെരുപ്പവും വിലക്കയറ്റവും തൊഴിലില്ലായ്മയും രാജ്യത്തു രൂക്ഷമായി തുടരുന്നു.

ഈയവസരത്തിലാണ് ഇന്ത്യയുടെ ആത്മാവിനെ വീണ്ടെടുക്കുന്നതിനായി ഭാരത് ജോഡോ യാത്ര കടന്നുവരുന്നത്. സ്വാതന്ത്ര്യസമരത്തിലും അതിനുശേഷം രാഷ്ട്രനിർമാണപ്രക്രിയയിലും നമ്മെ ഒരുമിപ്പിച്ചുനിറുത്തിയ മൂല്യങ്ങൾ വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള യാത്രയാണിത്. രാജ്യത്തെ ഒരുമിപ്പിക്കാനുള്ള യാത്ര. ഒരുമിക്കുന്ന ചുവടുകൾ; അതിലൂടെ ഒന്നാകുന്ന രാജ്യം - അതാണ് ഈ യാത്രയുടെ ലക്ഷ്യം. രാജ്യത്തെ തൊട്ടറിയുന്ന ഈ യാത്ര തീർച്ചയായും അതിന്റെ ലക്ഷ്യങ്ങൾ നേടുമെന്നു പ്രതീക്ഷിക്കാം. ■



# മക്കൾ 'ഔട്ട് ഓഫ് റേഞ്ചി'ലാകുമ്പോൾ!



റ്റോം ജോസ് തഴുവംകുന്ന്

സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് നമ്മുടെ നിലനില്പിനാധാരം. ഈ നിലനില്പിനുള്ള ഊർജമെന്നത് ഈശ്വരവിശ്വാസവും! ദൈവമാണ് എല്ലാത്തിനും അടിസ്ഥാനവും അവകാശിയുമെന്നൊരു തിരിച്ചറിവ് ജീവിതത്തിലെന്നും ഒപ്പമുണ്ടാകണം. നമ്മുടെ നാളെകളെന്നത് മക്കളാണ്; അതായത്, അടുത്ത തലമുറയിലാണ് ഇന്നിന്റെ ഭാവി വേരൂന്നുന്നതെന്നു സാരം! ഭാവിയിൽ അപകടം പതിയിരുന്നാൽ ഇന്നിന്റെ ജാഗ്രത അനിവാര്യമാകുന്നു.

മക്കൾക്ക് എല്ലാം നൽകുമ്പോഴും സന്മാർഗാടിത്തറ താറുമാറാകുന്നുവെങ്കിൽ സകലതും ലക്ഷ്യം തെറ്റും! ശാസ്ത്രസാങ്കേതികമികവിലും സാമ്പത്തികമേൽക്കോയ്മയിലും ഇതര സാമൂഹികസുഖസൗകര്യങ്ങളിലും നാളെയുടെ തലമുറ വിരാജിക്കുമ്പോഴും നന്മയുടെ ശോഷണം നാളെയെ അപകടത്തിലാക്കുന്നു. എല്ലാമുള്ളപ്പോഴും എന്തിന്റെയോ 'കുറവു'തേടിയുള്ള അന്വേഷണത്തിലാണു മക്കൾ! ഇന്നിന്റെ യാഥാർത്ഥ്യത്തിൽനിന്ന് ഒളിച്ചോടാനും ഒരു സ്വപ്നലോകത്തു പാറിപ്പറക്കാനും വെമ്പുന്ന മക്കൾ നന്മയിൽനിന്നു തിന്മയിലേക്കു ചുവടുമാറ്റുന്നു; അനുഭവങ്ങളെ പാഠമാക്കാൻ തയ്യാറാകാതെ അനുഭൂതികളുടെ ലോകത്ത് എല്ലാം മറക്കാൻ മക്കൾ ആരുടെയൊക്കെയോ പിന്നാലെ പായുകയാണ്. അതേ, മറഞ്ഞിരിക്കുന്ന മയക്കുമരുന്ന്, മക്കളുടെ ജീവിതങ്ങളിൽ ഇന്ന് ഇത്തിൾക്കണ്ണിയായി വേരൂന്നിയിരിക്കുന്നു.

നവമാധ്യമങ്ങൾ മനുഷ്യബന്ധങ്ങളിൽ വിള്ളൽ തീർക്കുകയാണ്. സെൽഫോണുകളോടുള്ള ചങ്ങാത്തം നമ്മുടെ ഹൃദയഭാരം വർദ്ധിപ്പിക്കുന്നതേയുള്ളൂ. വാട്സാപ്, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങി ബന്ധങ്ങളുടെ 'നെറ്റ് വർക്ക്' വിപുലമാണെങ്കിലും ഹൃദയഭാരങ്ങളെ പകുത്തെടുക്കാൻ പര്യാപ്തമായ സൗഹൃദങ്ങൾ ഇല്ലാതായിരിക്കുന്നു. സന്തോഷവും സൗഹൃദവും ബാഹ്യപ്രകടനങ്ങളുടെ ചടുലതാളത്തിൽ എരിഞ്ഞടങ്ങുകയാണ്. ഒറ്റപ്പെടലിന്റെ നീറ്റൽപേറുന്ന ആധുനികതലമുറ സമ്മർദങ്ങൾ തരണം ചെയ്യാനാകാതെ സങ്കീർണതയുടെ ചുമടുതാങ്ങികളാകുന്നു. ഈ ചുമട് ഇറക്കിവയ്ക്കാൻ 'തോൾ' നൽകുന്ന മേഖലയായി മയക്കുമരുന്നുമാഫിയ വളർന്നിരിക്കുന്നു.

നിരാശ വളരെ വേഗം പുതുതലമുറയെ കീഴടക്കുകയാണ്. ജീവിതത്തിൽനിന്ന് ഒളിച്ചോടുന്ന തലമുറ നിത്യം വാർത്താശീർഷകങ്ങൾ കീഴടക്കുന്നു. സുഖിക്കുക അല്ലെങ്കിൽ മരിക്കുക, സമ്പത്തു നേടുക അല്ലെങ്കിൽ സർവതും നശിപ്പിക്കുക എന്നതാണു പുതുതലമുറയുടെ തത്ത്വശാസ്ത്രം.

ഒരേ ലക്ഷ്യത്തിലേക്ക് ഈയാംപാറ്റകളെപ്പോലെ പാഞ്ഞടുക്കുന്നതാണോ ജീവിതമെന്നതിന്റെ സാരാംശം? വ്യതിരിക്തമായ താലന്തുകളിൽ അഭിമാനിക്കാൻ പുതുതലമുറ മറന്നിരിക്കുന്നു. സഹപാഠിയെ കൈയടിച്ചു പ്രോത്സാഹിപ്പിക്കാൻ സ്വന്തം മനസ്സിന്റെ 'അഹം' സമ്മതിക്കാതെപോകുന്നതിലും സൗഹൃദങ്ങളുടെ ബലം നഷ്ടമാകുന്നു. അപരനെ കരുതാൻ മറക്കുന്ന താൻപോരിമ വളരുന്നതും നൈമിഷികതയുടെ ലഹരിയെ പിൻചെല്ലുന്നതിന് ഒരു കാരണമല്ലേ? ആയിരിക്കുന്ന അവസ്ഥയെ അംഗീകരിക്കാനാകാത്തവർ അതിമോഹത്തിന്റെ മാസ്മരികതയിൽ ചെന്നുപെടുന്നു. പങ്കുവയ്ക്കാൻ മക്കളെ പഠിപ്പിക്കണം; ഒന്നാമതെത്തുന്നതിലുള്ള മത്സരമല്ല, ഒറ്റക്കെട്ടായി വളരുന്നതിലെ അദ്ഭുതം മക്കളെ പഠിപ്പിക്കണം. നന്മതിന്മകളുടെ തിരിച്ചറിവിലും നന്മയുടെ അമൂല്യതയിലും നാളെയുടെ തലമുറ വളരണം.

### കുടുംബങ്ങൾ

പങ്കാളിയുടെമേൽ അച്ചടക്കം ചെലുത്തുന്ന ഒരു വിശുദ്ധ കർമമാണ് വിവാഹമെന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. വിശുദ്ധിയും അച്ചടക്കവുമൊക്കെ ആധുനികകുടുംബജീവിതത്തിന്റെ മുഖ്യവിചാരങ്ങളിൽപ്പെടുന്നുണ്ടോ? കൂട്ടുകുടുംബത്തിന്റെ പ്രാരബ്ധങ്ങൾ പാഠങ്ങളായിരുന്ന പഴയകാലത്തുനിന്ന് അണുകുടുംബത്തിന്റെ 'സ്വാതന്ത്ര്യ'ചിന്തകളിലേക്കു പാഠഭേദങ്ങൾ വന്നുകഴിഞ്ഞു. പറന്നകലാൻ വെമ്പുന്ന ഒരു 'പറന്നിരുപ്പുകൂടാര'മാണു ഇന്ന് നമ്മുടെ വീടുകൾ. ഇന്നത്തെ കുടുംബങ്ങളുടെ പൊതുചിന്ത ഇതാണ്: ഉന്നതവിദ്യാഭ്യാസവും ഉന്നതജീവിതസൗകര്യങ്ങളും തുടർന്ന് ഉന്നതശമ്പളമുള്ള ജോലിയും. മാതാപിതാക്കൾക്കു സ്വന്തം മക്കളുടെ ഹൃദയത്തിൽ ഒന്നു കയറിയിരിക്കാനാകുന്നുണ്ടോ? മക്കൾക്ക് മാതാപിതാക്കളുടെ ഹൃദയത്തിൽ അഭയം തേടാനാകുന്നുണ്ടോ?

### പഠനമുറികൾ

ഇതു മത്സരപ്പരീക്ഷകളുടെ കാലമാണ്. എല്ലാം മത്സരിച്ചു നേടണമെന്ന അലിഖിതനിയമം നമ്മുടെയിടയിൽ വന്നുപെട്ടു. ഓടിക്കളിച്ചിരുന്ന ബാല്യം പ്ലേസ്കൂളിലെ മത്സരങ്ങളിലേക്കു പറിച്ചുനട്ടു. വീട്ടിലെ 'തിരക്ക്' മക്കളുടെ മേലുള്ള 'ജാഗ്രത'യ്ക്കു ക്ഷതമേല്പിച്ചു. എങ്ങനെയും പഠിപ്പിച്ച് ഉന്നതനിലയിലെത്തിക്കണം... അതിലേക്കുള്ള ഓട്ടത്തിലാണ് മാതാപിതാക്കൾ. അടിസ്ഥാനവിദ്യാഭ്യാസംപോലും വിലയുള്ളതും വിലയേറിയതുമൊക്കെയായി മാറി. വിദ്യാലയങ്ങളുടെ കെട്ടും മട്ടും മക്കളുടെ പഠനത്തിന്റെ 'മീറ്റർ' ആയി മാറി. എല്ലാത്തരം വിദ്യാർത്ഥികളെയുംകൊണ്ടു നിറഞ്ഞിരുന്ന പഴയകാലപാഠമുറികൾ നന്മയുടെ കളരികളായിരുന്നു.

ഇന്ന് അമ്മയുടെ ഉദരത്തിൽവച്ചുതന്നെ കുഞ്ഞിന്റെ 'ലൈഫ് ഓർഗനൈസ്' ചെയ്യപ്പെടുന്നു; അവരറിയാതെ അവരെ ആരാക്കണമെന്നു 'നാം' തീരുമാനിക്കുന്ന കാലം. മക്കളെ അവരാകാൻ അനുവദിക്കാത്തതിന്റെ സമ്മർദം അവരിലെ പിരിമുറുക്കം വർദ്ധിപ്പിക്കുന്നു. ആശ്വാസദൂതുമായി മയക്കുമരുന്നുമാഫിയാകൾ അടുത്തെത്തുമ്പോൾ 'അരുതു' പറയാൻ ഒരു നിമിഷമെങ്കിലും ലഭിക്കുംമുമ്പേ അവരിലെ പിരിമുറുക്കത്തെ അനന്തവിഹായസ്സിലെത്തിക്കുന്നു. എല്ലാം കൈവിട്ടുപോകുന്ന അവസ്ഥ. മക്കളെക്കുറിച്ചുള്ള സ്വപ്നങ്ങളെല്ലാം ജലരേഖകളായി മാറുന്നു.

### തിരികെനടക്കണം

തലമുറയുടെ തകർച്ചയെ മറികടക്കണമെങ്കിൽ തീർച്ചയായും ഒരു മടങ്ങിപ്പോക്ക് അനിവാര്യമാണ്. മക്കളെ ജീവിതം പഠിപ്പിക്കണം. നമ്മെ നാശത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതാണ് ലഹരിയും മയക്കുമരുന്നുകളുമെന്നു മക്കളെ കാർക്കശ്യത്തോടെ ബോധ്യപ്പെടുത്തണം. വീടുകളിലും വിദ്യാലയങ്ങളിലും ലഹരിവിരുദ്ധബോധവത്കരണം സ്ഥിരമായുണ്ടാകണം. പാഠ്യപദ്ധതിയിൽ ലഹരിക്കെതിരേ ശാസ്ത്രീയവും സാമൂഹികവുമായ പാഠഭാഗങ്ങൾ ഉൾച്ചേർക്കണം.

നമ്മുടെ നാട് കുടുംബബന്ധങ്ങൾക്ക് എന്നും മാതൃകയായിരുന്നു: സമൂഹവുമായുള്ള ബന്ധങ്ങളുടെ ഇഴയടുപ്പം പ്രശ്നങ്ങളുടെ സങ്കീർണത ലഘൂകരിച്ചിരുന്നു. കൂട്ടും കൂട്ടുത്തരവാദിത്വവുമുള്ള സമൂഹത്തിന് നാളെയുടെ മക്കളുടെ 'ദുർനടപ്പ്' താങ്ങാനാകില്ല. വരുംതലമുറയുടെ അഭിരുചികളും ഇച്ഛാശക്തിയും ദീർഘവീക്ഷണവും രാജ്യത്തിന്റെതന്നെ ഭാവി നിർണയിക്കുന്നതാണ്. മക്കളുടെ അനുസരണവും അച്ചടക്കവും ആരെയും അദ്ഭുതപ്പെടുത്തിയിരുന്ന നാളുകളിൽനിന്ന് 'ചരടുപൊട്ടിയ പട്ടം' പോലെ തലമുറ മാറിയിരിക്കുന്നു. ശിക്ഷണം മക്കളുടെ മനസ്സിനെ നൊമ്പരപ്പെടുത്തുമെന്നൊക്കെ പറയുന്നത് വികലവീക്ഷണമാണ്. പണ്ടൊക്കെ അധ്യാപകരും മാതാപിതാക്കളും 'ഒറ്റക്കെട്ടായിരുന്നു.' മക്കളുടെമേൽ ഒരു 'ജാഗ്രതയുടെ കണ്ണ്' ഇരുകൂട്ടർക്കുമുണ്ടായിരുന്നു. വിദ്യാർത്ഥികളുടെ സഞ്ചാരവഴിയിൽ രക്ഷിതാക്കളുടെയും അധ്യാപകരുടെയും നാട്ടുകാരുടെയും ശ്രദ്ധയുണ്ടായിരുന്നു, കരുതലുണ്ടായിരുന്നു. പഠനത്തിനുമപ്പുറമുള്ള മക്കളുടെ നന്മയായിരുന്നു എല്ലാവരും ആഗ്രഹിച്ചിരുന്നത്. ഈ ആഗ്രഹത്തിലേക്കു മടങ്ങിയെത്തണം. പരീക്ഷയിൽ തോറ്റാലും ജയിച്ചാലും ജീവിതത്തിൽ തോൽക്കാതിരിക്കണമെന്നു നാം മക്കളെ പഠിപ്പിക്കണം. പണത്തിനപ്പുറം വ്യക്തിത്വവികാസവും ആദ്യപാഠമാകണം. മക്കളുടെ തോന്ന്യാസങ്ങൾക്കു തലമുറയുടെ മാറ്റം എന്നു പറഞ്ഞ് കുടപിടിക്കരുത്.

മക്കളുടെ ചര്യകളും ചലനങ്ങളും നിരീക്ഷിക്കണം. രക്ഷിതാക്കളുടെ വിരൽത്തുമ്പു വിടുവിച്ചു പറന്നകലുന്നത് അതിരുകളും അരുതുകളുമില്ലാത്ത സ്വാതന്ത്ര്യത്തിലേക്കാവരുത്. അദ്ഭുതപ്പെടുത്തുന്ന യോഗ്യതാസാക്ഷ്യപത്രങ്ങളുമായി നമ്മുടെ മക്കൾ ലഹരിയുടെ പിന്നാമ്പുറത്തെത്തിയാൽ എന്താകും സ്ഥിതി? സർവജ്ഞാനിയും സർവവിജ്ഞാനകോശവുമൊക്കെയായി നമ്മുടെ മക്കളെ രൂപപ്പെടുത്തുമ്പോഴും ഒരു കാര്യം ഓർക്കുന്നതു നന്ന്. എത്ര വലിയ ചന്ദനക്കാടും ചാമ്പലാക്കാൻ ഒരൊറ്റ തീപ്പെട്ടിക്കൊള്ളി മതിയാകും.



**പരീക്ഷയിൽ തോറ്റാലും ജയിച്ചാലും ജീവിതത്തിൽ തോൽക്കാതിരിക്കണമെന്നു നാം മക്കളെ പഠിപ്പിക്കണം. പണത്തിനപ്പുറം വ്യക്തിത്വവികാസവും ആദ്യപാഠമാകണം. രക്ഷിതാക്കളുടെ വിരൽത്തുമ്പു വിടുവിച്ചു പറന്നകലുന്നത് അതിരുകളും അരുതുകളുമില്ലാത്ത സ്വാതന്ത്ര്യത്തിലേക്കാവരുത്.**

# ഒറ്റമരം കാടായിമാറുമ്പോൾ




പ്രഫ. സിജു ജോസഫ്

**ഉദാത്തവും വിശുദ്ധവുമായ സർഗസംസ്കൃതിയുടെ ഭൂതകാലതേജസ്സുകളെ അന്വേഷിച്ചറിയാനുള്ള മനസ്സു നഷ്ടമാകാതിരിക്കുമ്പോഴാണ് 'ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പു പതിഞ്ഞ' എഴുത്തുകാർ നമുക്കുണ്ടാകുന്നത്.**

ആത്മസാക്ഷാത്കാരത്തിന്റെയും സർഗാത്മകതയുടെയും ആനന്ദത്തിനപ്പുറം സാഹിത്യം വ്യവസായംകൂടിയായി മാറിയ കാലത്ത് എഴുത്തിന്റെയും വായനയുടെയും ശരിയായ വഴിയിലൂടെയാണോ നാം സഞ്ചരിക്കുന്നതെന്ന ചിന്തയ്ക്കു പ്രസക്തിയുണ്ട്. 'ഭാഷ കൊണ്ടു വായനക്കാരനെ അടുപ്പിക്കണം. ഇപ്പോൾ അകറ്റുന്ന രീതിയാണു കാണുന്നത്. വ്യക്തിപരമായ അനുഭവവും ഉള്ളിൽക്കൊള്ളുന്ന അനുഭവങ്ങളും നഷ്ടപ്പെടുന്നതുകൊണ്ടാണ് ഭാഷയുടെ സൗന്ദര്യം ഇല്ലാതാകുന്നത്' എന്ന് മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ എം.ടി. അടുത്തകാലത്തു പറഞ്ഞതിനെ പുതിയ കാലത്തിനൊപ്പം നടക്കാനറിയാത്ത ഒരാ





ളുടെ കുറ്റപ്പെടുത്തൽ മാത്രമായി ചിലരെങ്കിലും വ്യാഖ്യാനിച്ചത് നവമാധ്യമങ്ങളിലൂടെ നാം കണ്ടതാണ്.

"പിണങ്ങിപ്പോയീടിലും

പിന്നെ ഞാൻ വിളിക്കുമ്പോൾ

കുണുങ്ങിക്കുണുങ്ങി നീ

ഉണ്ണുവാൻ വരാറില്ലേ"

എന്നു വിതുമ്പി മകന്റെ കുഴിമാടത്തിനു മുന്നിൽ മാമ്പഴവുമേന്തി നില്ക്കുന്ന ആ അമ്മയ്ക്കൊപ്പം കഴിഞ്ഞ എൺപത്താറു വർഷമായി മടുപ്പോ മറവിയോ ഇല്ലാതെ മലയാളത്തിന്റെ മനസ്സും കണ്ണീരുപ്പു രുചിച്ചുകൊണ്ടിരിക്കുന്നു. നാലോ അഞ്ചോ വയസ്സുള്ളപ്പോൾ മരിച്ചുപോയ തന്റെ കുഞ്ഞനുജനായ കൃഷ്ണൻകുട്ടിയെക്കുറിച്ചുള്ള തപ്തസ്മരണയിൽനിന്നാണ് 'മാമ്പഴ'ത്തിന്റെ പിറവിയെന്ന് 'കാവ്യലോകസ്മരണ'കൾ എന്ന ആത്മകഥയിൽ വൈലോപ്പിള്ളി വ്യക്തമാക്കുന്നുണ്ട്. 1936 ലെ മാതൃഭൂമി ഓണപ്പതിപ്പിലാണ് ആ കവിത പ്രസിദ്ധീകരിച്ചിരിക്കുന്നത്. എറണാകുളത്തെ ആശുപത്രിയിൽ ജ്വരബാധിതനായി കിടക്കുമ്പോഴാണ് കവിത പ്രസിദ്ധീകരിച്ച വിവരം കവി അറിയുന്നത്. പാതിബോധത്തിൽ കിടക്കുമ്പോഴും ഓർമയിൽനിന്ന് ഓരോ വരികളെടുത്തു പാടി.

"വരിക കണ്ണാൽ കാണാൻ

വയ്യാത്തോരെൻ കണ്ണനേ

തരസാ നുകർന്നാലും

തായതൻ നൈവേദ്യം നീ" എന്ന വരികളിലെത്തുമ്പോൾ കരഞ്ഞുപോയ കവിയെ 'കാവ്യലോകസ്മരണ'കളിൽ നമുക്കു കാണാം.

വൈയക്തികദുഃഖങ്ങളെ, ദാർശനികവ്യഥകളെ സാഹിത്യത്തിനു വിഷയമാക്കി കണ്ണീരിന്റെ നാനാർത്ഥങ്ങളന്വേഷിക്കുന്ന മഹാസിദ്ധി വർത്തമാനകാലസാഹിത്യത്തിന് അന്യമാവുകയാണോ? വിടർന്നുവിലസുന്ന പൂവിലല്ല അടർന്നുകൊഴിയുന്ന പൂവിലാണ് ജീവിതത്തിന്റെ പൊരുളെന്നു തിരിച്ചറിയാൻ കുമാരനാശാനു സാധിച്ചതും, പ്രിയപത്നിയുടെ അകാലവിയോഗമേല്പിച്ച ശൂന്യതയെ മറികടക്കാൻ നാലപ്പാട്ടു നാരായണമേനോൻ നടത്തിയ സർഗാത്മകപിടച്ചിലുകളിൽനിന്ന്

'ഉരുക്കിടുന്നു മിഴിനീരിലിട്ടു

മൂക്കുന്നു വീണ്ടും ഭുവനൈകശില്പി

മനുഷ്യഹൃത്താം കനകത്തെയേതോ


പണിത്തരത്തിന്നുപയുക്തമാക്കാൻ'

എന്ന മനോഹരവരികൾ ഉൾപ്പെടുന്ന 'കണ്ണുനീർത്തുള്ളി' എന്ന അനശ്വര കാവ്യം പിറന്നതും ഋഷിസഹജമായ കവിഹൃദയം അവർക്കു സ്വന്തമായിരുന്നതുകൊണ്ടുമാത്രമാണ്.


എഴുതിയാൽ വിവാദമായേക്കാവുന്നതും വിവാദമായാൽ വിറ്റഴിക്കപ്പെട്ടേക്കാവുന്നതുമായ പ്രമേയപരിസരങ്ങളിലേക്കും ആവിഷ്കരണശൈലിയിലേക്കും മാത്രമായി സാഹിത്യം വഴിമാറുന്നുവെന്നാരെങ്കിലും ആശങ്കപ്പെട്ടാൽ അവരെ ഒറ്റപ്പെടുത്തിയാക്രമിക്കേണ്ടതുണ്ടോ?

തുറന്നാൽ വെളിച്ചം കിട്ടുന്ന എത്ര കൃതികളെ നാളേക്കായി കരുതിവയ്ക്കാൻ വർത്തമാനകാലത്തിലെ എഴുത്തിന്റെ കൂടാരങ്ങൾക്കാവുന്നുണ്ട്? പാവാടയ്ക്കുപുറമേ റെയിൻബോ ജോർജറ്റിന്റെ





ഒരു ദാവണികൂടി ചുറ്റിയ ആറാം ക്ലാസുകാരിയെയും അവളുടെ ഇളയ രണ്ടു സഹോദരങ്ങളെയും അവരുടെ കലപിലകളിലും പൊട്ടിച്ചിരികളിലും നിഷ്കളങ്കമായ വർത്തമാനങ്ങളിലും ഹ്രസ്വനേരത്തേക്കവൾ നല്കിയ പരിഗണനയിലും മനസ്സിലെ മരണചിന്ത വെടിഞ്ഞു ജീവിതത്തിലേക്കു തിരിച്ചു നടന്ന ഒരു ചെറുപ്പക്കാരനെയും നമുക്കു കാട്ടിത്തന്നത് ടി. പത്മനാഭനാണ്. ജീവിതത്തിന്റെ പ്രസാദാത്മകതയും വിശുദ്ധിയും സദാ പ്രസരിപ്പിക്കുന്ന അവളെ 'എന്നും സൂര്യപ്രകാശവും പനിനീർപ്പൂക്കളുമുള്ള ഒരു ലോകത്ത്' ജീവിക്കുന്നവൾ എന്നാണ് കഥാകൃത്ത് വിശേഷിപ്പിക്കുന്നത്. നാനൂറോ അഞ്ഞൂറോ കൊല്ലങ്ങൾക്കുശേഷം മനുഷ്യർ ജീവിതത്തിന്റെ ഏതെങ്കിലുമൊരു വഴിത്തിരിവിൽ മരണമോ ജീവിതമോ എന്നു സന്ദേഹിച്ചു നില്ക്കുമ്പോൾ അത്തരമൊരു പെൺകുട്ടിയെ കണ്ടുമുട്ടാതിരിക്കില്ല എന്ന പ്രത്യാശയിലാണ് 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' അവസാനിക്കുന്നത്.



ജീവിതം തന്നതിനെയെല്ലാം ക്ഷമയോടെ സ്വീകരിച്ചവർ, അവനവന്റെയും അപരന്റെയും ജീവിതത്തിലെ ചോര തുടിക്കുന്ന നേരുകളെ ചികഞ്ഞെടുത്ത് ഓരോ കാലത്തിന്റെയും ഭാവുകത്വത്തിനനുയോജ്യമായ ശൈലിയിൽ ആവി



ഷ്കരിച്ചവർ, ഭാവുകത്വങ്ങളും പ്രസ്ഥാനങ്ങളും മാറിമറിയുമ്പോഴും മനുഷ്യന്റെയും പ്രകൃതിയുടെയും ഭാവിയോർത്ത് ആശങ്കപ്പെട്ടിരുന്നവർ, ഇതിഹാസങ്ങളുൾപ്പെടെ പൂർവസാഹിത്യസംസ്കൃതിയിലെ അനശ്വരകൃതികളിലൂടെ, ക്ലാസിക്കുകളിലൂടെ പലവട്ടം സഞ്ചരിച്ചതിന്റെ സ്വാധീനമേറ്റവർ, ആദ്യവായനയുടെ നാൾ മുതൽ ഓർമയുടെ വെളിച്ചമണയുന്ന അവസാനനിമിഷംവരെ നമ്മോടൊപ്പമുണ്ടാകുന്ന കഥാപാത്രങ്ങളിൽ പലരെയും സമ്മാനിച്ചത് ഇത്തരം എഴുത്തുകാരായിരുന്നില്ലേ?

'എനിക്കീപ്രപഞ്ചത്തെയെല്ലാം സ്നേഹത്തോടെ ആലിംഗനം ചെയ്യാൻ തോന്നുന്നു' എന്ന് 'ഭൂമിയുടെ അവകാശിക'ളിൽ ബഷീർ പ്രകടിപ്പിച്ച പ്രപഞ്ചാവബോധത്തിന്റെ ദർശനദീപ്തിയുള്ള മുഖമാണ് ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിൽ ചെതലിയുടെ താഴ്വരയിലെ പൂവിറുക്കാനെത്തിയ പെൺകുട്ടിയിലും 'അനുജത്തീ നീയെന്നെ മറന്നല്ലോ' എന്നു ചോദിക്കുന്ന ചമ്പകത്തിലും നാം കാണുന്നത്. ഉദാത്തവും വിശുദ്ധവുമായ സർഗസംസ്കൃതിയുടെ ഭൂതകാലതേജസ്സുകളെ അന്വേഷിച്ചറിയാനുള്ള മനസ്സ് നഷ്ടമാകാതിരിക്കുമ്പോഴാണ് 'ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പു പതിഞ്ഞ' എഴുത്തുകാർ നമുക്കുണ്ടാകുന്നത്. 'കാടായിത്തീർന്ന ഒറ്റമരം' എന്നു ബഷീറിനെക്കുറിച്ചാണ് എം.എൻ. വിജയൻ പറഞ്ഞതെങ്കിലും അത്തരം അനേകം ഒറ്റമരങ്ങളുടെ വിശാലമായ തണലിലിരുന്നാണ് ഇവിടെ പല തലമുറകൾ വായനയുടെ സ്വർഗം തീർത്തത് എന്നു മറക്കാതിരിക്കാം. അനുകർത്താക്കൾ മാത്രമേ ഉണ്ടാകാവൂ എന്നല്ല ഇതിനർത്ഥം. എഴുത്തിൽ പുതുവഴി തീർത്ത് മുന്നേറുമ്പോൾ ഇന്നലെകളെ കാണാൻ മറക്കരുത് എന്നൊരോർമപ്പെടുത്തൽ മാത്രം.

## സാന്ത്വനം



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.



# ഓട്ടിസം ഓർമപ്പെടുത്തുന്നത്

ഉണ്ണിക്കുട്ടനുമായി അമ്മ വന്നത് കുറെ പരാതി പറയാനാണ്. പറഞ്ഞാൽ അനുസരിക്കില്ല, മറ്റു കുട്ടികളോടു കൂട്ടുകൂടില്ല, വീട്ടിൽ ആരെങ്കിലും വന്നാൽ അവരെ ശ്രദ്ധിക്കില്ല, അവരോടു മിണ്ടില്ല, പെട്ടെന്നു ദേഷ്യപ്പെടുന്നു, ചില സമയങ്ങളിൽ അങ്ങോട്ടു ചോദിക്കുന്നത് അതുപോലെ ആവർത്തിച്ചുപറയുന്നു, സ്കൂളിലെ ചില കുട്ടികളെ ഉപദ്രവിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഏഴു വയസ്സുള്ള കുട്ടി ഒരു നാലു വയസ്സുകാരന്റെ സ്വഭാവപ്രത്യേകതകൾ പ്രകടിപ്പിക്കുന്നു. എന്നാൽ, ഒരു ആൺകുട്ടിയല്ലേ, കുറച്ചു വലുതാകുമ്പോൾ ശരിയാകും എന്നു വിചാരിച്ചു കഴിയുകയായിരുന്നു മാതാപിതാക്കൾ. ഇപ്പോൾ രണ്ടാം ക്ലാസിലായിട്ടും മാറ്റമൊന്നുമില്ല.

കുട്ടിയെ അടുത്തു വിളിച്ചു സംസാരിച്ചു. അവൻ കാര്യങ്ങൾക്കു മറുപടി പറയുന്നുണ്ട്. പക്ഷേ, പലതും പല പ്രാവശ്യം ചോദിക്കേണ്ടതായിവന്നു. മാതാപിതാക്കളോടു സംസാരിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി, കുട്ടി ഓട്ടിസം എന്ന അവസ്ഥയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഓട്ടിസം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് 1943 ൽ ഡോ. ലിയോ ക്യാനം എന്ന ശിശുരോഗവിദഗ്ധനാണ്. ഒറ്റയ്ക്കിരിക്കാൻ ഇഷ്ടപ്പെടുന്നവരാണ് ഇവർ. തലച്ചോറിന്റെ വളർച്ചയിലുണ്ടാകുന്ന സ്ഥായിയായ വൈകല്യമാണിത്. ഇതു ഗർഭാവസ്ഥയിൽത്തന്നെ കാണുവാൻ സാധ്യതയുണ്ട്. ചില കുട്ടികൾ മുട്ടിൽ നീന്താൻ, നടക്കാൻ, സംസാരിക്കാൻ, പ്രായത്തെക്കാൾ പിറകോട്ടായിരിക്കും. സാധാരണ കുട്ടികൾ ഒരു വയസ്സിൽ ഒരു വാക്കു പറയാൻ പഠിക്കും. ഉദാ: അമ്മ, അപ്പ, ചേട്ടൻ... രണ്ടു വയസ്സിൽ രണ്ടുവാക്കു പറയും. ഉദാ: അപ്പ വന്നു, കുഞ്ഞിനു വേണ്ട... എന്നാൽ, ഓട്ടിസമുള്ള കുട്ടി ഇക്കാര്യത്തിൽ പിറകോട്ടായിരിക്കും.

ഓട്ടിസത്തിന്റെ പ്രധാനലക്ഷണങ്ങളായി പറയുന്നത് ആശയവിനിമയശേഷിക്കുറവ്, സാമൂഹികബന്ധങ്ങളിലുള്ള ഉൾവലിവ്, അസ്വാഭാവികപെരുമാറ്റങ്ങൾ, കണ്ണിൽ നോക്കി സംസാരിക്കുന്നതിനുള്ള വിമുഖത എന്നിവയാണ്. ചില കുട്ടികൾ ചിരിക്കില്ല. പറയുന്ന കാര്യം അഥവാ, ഏതെങ്കിലും ഒരു ചലനം ആവർത്തിച്ചുകൊണ്ടിരിക്കും. ഒരു സാധനം എടുത്താൽ അത് അവിടെത്തന്നെ വേണം. ഇങ്ങനെയുള്ള കുട്ടികളെ തുടക്കത്തിലേ ശിശുരോഗവിദഗ്ധനെ കാണിക്കണം.

ഓട്ടിസത്തിനു കാരണം പ്രധാനമായും പാരമ്പര്യം, ഗർഭാവസ്ഥയിൽ കുട്ടിയുടെ തലച്ചോറിന്റെ വളർച്ചയിലുണ്ടാകുന്ന വൈകല്യം, അമ്മയ്ക്കുണ്ടാകുന്ന അധികമായ വിഷാദം, അണുബാധ, അമ്മ ഗർഭാവസ്ഥയിൽ ഉപയോഗിച്ച മരുന്നുകൾ, അമിതമായ മൊബൈൽ - ടി.വി. ഉപയോഗം ഇവയൊക്കെയാണ്. ചില കുട്ടികൾക്കു ജനനശേഷവും ഈ അവസ്ഥയുണ്ടാകാം.

കുട്ടിക്ക് ഓട്ടിസമാണെന്നറിയുമ്പോൾ അത് അപ്പനിൽനിന്നോ അമ്മയിൽനിന്നോ എന്നു ചികയുകയല്ല ചെയ്യേണ്ടത്. ഈ കുഞ്ഞിനെ എങ്ങനെ സ്വയം പര്യാപ്തനാക്കി മാറ്റാമെന്നാണ് ഒന്നിച്ചാലോചിക്കേണ്ടത്. വളരെ ക്ഷമയോടും സ്നേഹത്തോടും കൂടി പരിപാലിക്കുകയും സാമൂഹികസാഹചര്യങ്ങളിൽ ഇടപെടാൻ കുട്ടികൾക്ക് അവസരം ഉണ്ടാക്കുകയും വേണം. കോപത്തോടും വെറുപ്പോടുംകൂടി ഇടപെട്ടാൽ സ്ഥിതി വഷളാവുകയേയുള്ളൂ. ഇന്നത്തെ നൂറു കുട്ടികളിൽ ഒരാൾ ഓട്ടിസം ബാധിതനാണെന്നു പഠനങ്ങൾ പറയുന്നു. അതുപോലെ മാതാപിതാക്കൾ ഓർത്തിരിക്കണം, ഓട്ടിസം ബാധിച്ച കുട്ടികളെല്ലാം ബുദ്ധിമാന്ദ്യം ഉള്ളവരല്ല. ഇവരിൽ മഹാപ്രതിഭകളുമുണ്ട്. നിങ്ങളുടെ ഭാവമാറ്റങ്ങൾ അവർക്കു വേഗം മനസ്സിലാകും. കുട്ടി ഓട്ടിസം എന്ന അവസ്ഥയിലാണെന്നറിഞ്ഞാൽ, പിന്നെ ഇതെങ്ങനെ സുഖപ്പെടുത്താം എന്നു വിചാരിച്ച് പല സ്ഥലങ്ങളിലൂടെ നിങ്ങൾ ഓടിനടക്കേണ്ട. പകരം കുട്ടിയെ എങ്ങനെ സ്വയം പര്യാപ്തനാക്കാം, അതിനു നിങ്ങൾക്ക് എന്തുചെയ്യാൻ സാധിക്കും എന്നതാണ് ആലോചിക്കേണ്ടത്. കാരണം, ഈ അവസ്ഥ ജീവിതകാലം മുഴുവൻ തുടരാം. സ്ഥിരമായ പരിശീലനത്തിലൂടെ നിയന്ത്രണവിധേയമാക്കുകയും ചെയ്യാം.

ഓട്ടിസമുള്ള കുട്ടികൾ ചിലപ്പോൾ മറ്റുള്ളവരെ ഉപദ്രവിക്കാറുണ്ട്. സ്ഥലകാലചിന്തയില്ലാതെ ബഹളം വയ്ക്കാം. അപ്പോഴൊക്കെ അവരോടു കാര്യങ്ങൾ വളരെ ലളിതമായും സൗമ്യമായും പറഞ്ഞുകൊടുക്കാൻ ശ്രമിക്കണം. ചിത്രങ്ങൾ ഉപയോഗിച്ചു പഠിപ്പിക്കുകയും പറഞ്ഞുകൊടുക്കുകയും ചെയ്യാം. ചിലപ്പോൾ ഇഷ്ടമുള്ള ഒരുതരം ഭക്ഷണം മാത്രമേ കഴിക്കൂ ഇവർ. പോഷകാഹാരത്തിന്റെ കുറവുണ്ടായി, മറ്റ് അസുഖങ്ങൾ വരാൻ സാധ്യതയുള്ളതിനാൽ, വ്യക്തിപരമായ ശുചിത്വത്തിനു വേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ശ്രദ്ധിക്കുകയും വേണം. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ചേഷ്ടകൾ ഇവർ അനുകരിക്കാനുള്ള സാധ്യതയുള്ളതുകൊണ്ട് ഈ കുട്ടികളെ കഴിവതും സാധാരണ സ്കൂളിൽ വിടുന്നതാണു നല്ലത്. എല്ലാറ്റിലുമുപരി മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾ ഓട്ടിസം ബാധിച്ചവരാണ് എന്നറിയുമ്പോൾ നിരാശപ്പെടാതെ, തങ്ങളുടെ കുട്ടികളുടെ രോഗാവസ്ഥ അംഗീകരിക്കുകയും അവരോടു കരുണയോടും സഹിഷ്ണുതയോടുംകൂടി പെരുമാറുകയും ചെയ്യുക. ഓട്ടിസം ബാധിച്ച കുട്ടികളോട് ഇടപെടുമ്പോൾ, മാതാപിതാക്കൾക്ക് ഏറെ ക്ഷമ ആവശ്യമാണ്. തങ്ങളുടെ കുട്ടികൾക്ക് ചില കുറവുകളുണ്ടെങ്കിലും, മറ്റുചില കാര്യങ്ങളിൽ അവർ വളരെ പ്രാഗല്ഭ്യം പ്രകടിപ്പിക്കുന്നവരായതിനാൽ, അതോർത്ത് സന്തോഷിക്കാനും അഭിമാനിക്കാനും മാതാപിതാക്കൾക്കു കഴിയണം. ■

# അരുവിത്തുറയും ഈരാറ്റുപേട്ടയും

## ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പിലിറ്റിയിൽ ഉൾപ്പെടുന്ന പ്രദേശമാണ് അരുവിത്തുറ. ക്രൈസ്തവരുടെ പ്രധാന തീർത്ഥാടനകേന്ദ്രമായ അരുവിത്തുറപ്പള്ളി ഇവിടെ സ്ഥിതി ചെയ്യുന്നു. അരുവി, തുറ എന്നീ രണ്ടുവാക്കുകൾ പൂർവ്വോത്തരപദങ്ങളായി സമാസിച്ചാൽ അരുവിത്തുറ എന്ന ദേശനാമം ലഭിക്കും. അരുവി + തുറ, ആണ് സന്ധിയിൽ അരുവിത്തുറയാകുന്നത്. പൂർവപദം വിശേഷണമായും (അരുവി) ഉത്തരപദം വിശേഷ്യമായും (തുറ) സമാസിക്കുമ്പോൾ (തത്പുരുഷസമാസം) ഉത്തരപദത്തിന്റെ ആദിയിലെ ദൃഢവ്യഞ്ജനം ഇരട്ടിക്കുമെന്ന നിയമം 'അരുവിത്തുറ'യെ സാധൂകരിക്കുന്നു. അരുവിക്ക് ചെറിയ നദി എന്ന് അർത്ഥം പറയാം. തുറക്കുക എന്ന ക്രിയയോടു ബന്ധപ്പെട്ട വാക്കാണ് തുറ. അതായത്, തുറന്ന ഇടം തുറ. അങ്ങനെയെങ്കിൽ അരുവിത്തുറയ്ക്ക് നദീമുഖം എന്നർത്ഥം വന്നുചേരുന്നു. വലിയ ജലവാഹനങ്ങൾ വന്നടുക്കാൻ പറ്റിയ സ്ഥലവും തുറയാകും. നദികൾ കായലിലോ കടലിലോ പതിക്കുന്ന മുഖവും തുറയാണല്ലോ. തുറയുടെ സ്വഭാവമനുസരിച്ച്; വലിയ തുറ, ചെറിയതുറ, പൂന്തുറ എന്നിങ്ങനെയുള്ള ദേശനാമങ്ങൾ ഓർക്കുക. തുറക്കടവ് എന്നതിനും ഇതുതന്നെയാണർത്ഥം.

ഈരാറ്റുപേട്ട എന്ന ദേശനാമവും ഭൂവിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. രണ്ടു നദികളുടെ സംഗമസ്ഥാനമാണ് ഈരാറ്റുപേട്ട (ഈര് - ആറ് - പേട്ട) പേട്ട എന്നാൽ സന്ധിക്കുന്ന സ്ഥലം. ആളുകൾ കൂടിച്ചേരുന്ന സ്ഥലമായതുകൊണ്ട് പേട്ടകൾ ചന്തസ്ഥലങ്ങളായി വികസിച്ചിട്ടുണ്ട്. ഈരാറ്റിടൈക്കൂടൽ എന്നും ഈ സ്ഥലത്തിനു പേരുണ്ടായിരുന്നതായി എൻ.ആർ. ഗോപിനാഥപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്.**

ഇരു എന്ന ശബ്ദം സമാസത്തിൽ പൂർവപദമായി വരുമ്പോൾ ഈര് എന്നു ദീർഘിക്കും. അർത്ഥം രണ്ട് എന്നുതന്നെ. അപ്പോൾ ഇരുആറ് ഈരാറ് എന്നാകുന്നു. 'ടാവും റാവുമിരട്ടിപ്പൂ/ നാമാന്തത്തിൽ യഥോചിതം' (കാരിക 58)*** എന്ന നിയമപ്രകാരം ആറ് എന്നിടത്തെ റ കാരം ഇരട്ടിക്കുന്നു. ആറ് - ആറ്റ്. വീണ്ടും ഉത്തരപദമായി പേട്ട ചേരുന്നതോടെ ഈരാറ്റുപേട്ട എന്ന സംജ്ഞാനാമം രൂപപ്പെടുകയായി. 'ഈരാറ്റു' എന്നിടത്തെ പൂർവ്വപദാന്ത്യവർണം ഉ കാരമായതിനാൽ ഉത്തരപദാദിയിലെ പ കാരത്തിനു ദ്വിത്വമില്ല എന്നുമറിയുക. ദേശനാമങ്ങളുടെ ഉദ്ഭവം ഏകരൂപമായിരിക്കണമെന്നില്ല. ഒന്നിലേറെ കാരണങ്ങൾ നാട്ടുപേരുകളുടെ പിറവിക്കു കാരണമാകാം.


* ലത, വി. നായർ, സമ്പാദനം, എൻ. ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2019, പുറം - 454

** രാജരാജവർമ്മ, ഏ. ആർ., കേരളപാണിനീയം, എൻ.ബി.എസ്. കോട്ടയം, 1988, പുറം - 173.


## കവിത

ജിജോ ജോസഫ് എൻ.

**വിദ്രോഹി**
പൊട്ടിച്ചിരിച്ചുകൊണ്ടേയിരുന്നു
സവിശേഷമായ ഊർജപ്രവാഹം
നിലയ്ക്കാത്ത ശബ്ദഘോഷം
കൈയടികൾതൻ നിലയ്ക്കാത്ത കാഹളം.

**ജനം**
ഹൃദയത്തിൽനിന്നു മസ്തിഷ്കത്തിലേക്ക്
ഞരമ്പുകൾ ആവാഹിച്ചു
ഞെട്ടിത്തരിച്ചു ചിന്തകൾ
പ്രഹരിച്ചു ഭുജങ്ങൾ.

**പ്രകൃതി**
ക്ഷണിച്ചു പ്രണയിനിയെ
നഷ്ടബാല്യങ്ങൾ തിരികെപ്പിടിക്കാൻ
തളിരിലകൾ നൈർമല്യമാർജിക്കാൻ
ഉറങ്ങാത്ത മുറിവായ് ഹൃദയത്തിലാകാൻ

**ഭരണകൂടം**
മുറിച്ചു നാവിനെ അരിവാളിനാൽ
അടച്ചു തൊണ്ടയെ തൂക്കുകയറിനാൽ
സംസ്കരിച്ചു പൊതുശ്മശാനത്തിൽ
ഉരുട്ടിവച്ചു ആശയങ്ങൾ ചൂഷണത്തിനായ്.

**നാളെകൾ**
കഴുമരങ്ങൾതൻ ആഘോഷം
അരിഞ്ഞിട്ട നാവിന്റെ ഉയിർപ്പ്
കോട്ടകൊത്തളങ്ങളുടെ മരണമൊഴി
അമ്മിഞ്ഞപ്പാലിന്റെ സ്നിഗ്ധത

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




അതിരാവിലെ ഞാൻ ഉണർന്ന്, സഹായത്തിനു വേണ്ടി നിലവിളിക്കുന്നു; ഞാൻ അങ്ങയുടെ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിക്കുന്നു.

സങ്കീർത്തനങ്ങൾ 119:147

**എഡിറ്റോറിയൽ**

## ഇതു ഹർത്താലോ അക്രമസമരമോ?

കേരളമടക്കം പതിനഞ്ചു സംസ്ഥാനങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ ദേശീയ അന്വേഷണ ഏജൻസിയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും സംസ്ഥാനപോലീസും ചേർന്നു നടത്തിയ റെയ്ഡിൽ, പോപ്പുലർ ഫ്രണ്ടിന്റെ ദേശീയനേതാക്കളടക്കമുള്ളവരെ അറസ്റ്റുചെയ്തതിൽ പ്രതിഷേധിച്ച്, ഇവിടെ കേരളത്തിൽമാത്രം അരങ്ങേറിയ അക്രമാസക്തമായ ഹർത്താലിനെയോർത്ത് 'സാംസ്കാരിക'കേരളം ലജ്ജിച്ചു തലതാഴ്ത്തണം! ഹർത്താലുകൾ ഇന്ത്യയിൽ, അതും കേരളത്തിൽ മാത്രമേ നടക്കൂ. ജനദ്രോഹനയമെന്ന നിലയിൽ ഹർത്താലുകളെ വെറുത്തുപേക്ഷിക്കാനും അതിനെതിരേ പൊതുബോധമുണർത്താനും കേരളത്തിലെ 'വിദ്യാസമ്പന്നർ' ഇനിയെന്നാണ് കരുത്തുള്ളവരാകുന്നത്?

മിന്നൽഹർത്താലുകൾ വിലക്കി 2019 ജനുവരി ഏഴിനു പുറപ്പെടുവിച്ച ഹൈക്കോടതിയുടെ ഉത്തരവു നിലവിലിരിക്കേ, അതു മറികടന്ന് പോപ്പുലർ ഫ്രണ്ട് ഹർത്താലിനു മുതിർന്നത് പ്രഥമദൃഷ്ട്യാ കോടതിയലക്ഷ്യമാണ്. ഏഴു ദിവസത്തെ മുൻകൂർ നോട്ടീസ് നല്കാതെ അനധികൃതമായി നടത്തിയ മിന്നൽഹർത്താൽ നിയമവിരുദ്ധമാണെന്നു വിലയിരുത്തി ഹൈക്കോടതി സ്വമേധയാ കേസെടുത്തു. മാത്രമല്ല, മിന്നൽഹർത്താലാഹ്വാനങ്ങളെ ഉരുക്കുമുഷ്ടികൊണ്ടു നേരിടണമെന്നും കോടതി ജനങ്ങളെ ബോധവത്കരിച്ചു.

വാർത്തകൾ (news) കൊടുക്കുന്ന മാധ്യമസ്ഥാപനങ്ങളുടെ കാഴ്ചപ്പാടുകൾ (views) പ്രസക്തമാണെന്നു പറയുമ്പോഴും അതിന്റെ ധർമാധർമവിവേചനം വിലയിരുത്തപ്പെടേണ്ടതാണ്. വാർത്തകളുടെ നിർമാതാക്കളും അവതാരകരും വായനക്കാരന്റെ സ്വതന്ത്രമനസ്സിലേക്ക് അനുകൂലമോ പ്രതികൂലമോ ആയ ആശയതരംഗങ്ങൾ അടിച്ചേല്പിക്കുന്നിടത്താണ് അപകടം പതിയിരിക്കുന്നത്. പോപ്പുലർ ഫ്രണ്ടിന്റെ മിന്നൽ ഹർത്താൽ നിയമവിരുദ്ധഹർത്താലാണെന്നു പറയാൻ അച്ചടി-ദൃശ്യമാധ്യമങ്ങളും സമൂഹമാധ്യമങ്ങളും ഹർത്താലിന്റെ തലേദിവസംപോലും മടികാണിച്ചു. മുൻകൂർ നോട്ടീസ് നല്കാതെയുള്ള മിന്നൽഹർത്താൽ നിയമവിരുദ്ധമാണെന്നു ജനങ്ങളെ അവസരോചിതമായി ബോധവത്കരിക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്നുള്ള ഒളിച്ചോട്ടം സത്യസന്ധമായ മാധ്യമപ്രവർത്തനമല്ല. ഇത് ആരെയെങ്കിലും പ്രീതിപ്പെടുത്തുന്നതിന്റെയോ ഭയപ്പെടുന്നതിന്റെയോ ഭാഗമാണെങ്കിൽ ലജ്ജിക്കുകയല്ലാതെ തരമില്ല!

നഷ്ടക്കണക്കുകളുടെ കഥ പറയാനിഷ്ടപ്പെടാത്ത വർത്തമാനകാലത്ത് അനധികൃത ഹർത്താലിന്റെ പേരിലുണ്ടായ അതിക്രമങ്ങൾക്ക് ആരു സമാധാനം പറയും? വരവും ചെലവും കൂട്ടിമുട്ടിക്കാനാവാതെ നട്ടംതിരിയുന്ന കെ.എസ്.ആർ.ടി.സി.ക്ക് 42 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായത്. ആരു വഹിക്കും ഈ ഭീമമായ നഷ്ടം? ഹർത്താലനുകൂലികൾ പല സ്ഥലത്തും വാഹനങ്ങൾക്കും കടകൾക്കും നേരെ അക്രമം അഴിച്ചുവിട്ടു. മുഖംമൂടിയണിഞ്ഞ് രണ്ടുപേർ വീതം ബൈക്കുകളിൽ സഞ്ചരിച്ച് പെട്രോൾബോംബുകളും വടിവാളുകളും മറ്റുമുപയോഗിച്ച് ഭീകരതാണ്ഡവമാടുന്ന പുത്തൻ അക്രമരീതിയാണ് ഹർത്താലിൽ കേരളം കണ്ടത്. ചോരരാഷ്ട്രീയത്തിന്റെ സിദ്ധാന്തങ്ങളെ പൂജിക്കുന്ന ഭീകരപ്രസ്ഥാനങ്ങളെ അമർച്ച ചെയ്യാനായില്ലെങ്കിൽ വരും നാളുകളിലും ഹർത്താലിന്റെ മറവിൽ ഈ കേരളമണ്ണിൽ കൊലവിളികളും അക്രമങ്ങളും അരങ്ങേറിക്കൊണ്ടിരിക്കും.

മതതീവ്രവാദത്തിനും ഭീകരപ്രസ്ഥാനങ്ങൾക്കും വേരോട്ടമുള്ള സംസ്ഥാനമാണു കേരളമെന്ന് ഉന്നതപോലീസുദ്യോഗസ്ഥരടക്കം സമ്മതിക്കുമ്പോഴും, സർക്കാരും രാഷ്ട്രീയപ്പാർട്ടികളും രാഷ്ട്രീയലാഭത്തിനുവേണ്ടി കുറ്റകരമായ മൗനം അവലംബിക്കുന്നത് ഗുരുതരമായ തെറ്റാണ്. മാനവികതയിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന ബഹുഭൂരിപക്ഷമുള്ള ഈ കേരളമണ്ണിൽ തീവ്രവാദഭീകരപ്രസ്ഥാനങ്ങളെ നിലയ്ക്കുനിർത്താൻ ചങ്കുറപ്പുള്ള പൗരന്മാരുടെ സംഘാതാത്മകതയ്ക്കു കഴിയണം. ഇടുങ്ങിയതും സ്വാർത്ഥപ്രേരിതവുമായ കക്ഷിരാഷ്ട്രീയസാമുദായികപ്രീണനങ്ങൾ വെടിഞ്ഞ് സർക്കാരും പ്രതിപക്ഷകക്ഷികളും മതനേതൃത്വങ്ങളും കൈകോർക്കാൻ ഇനി വൈകരുത്. ഭീകരതയുടെ വേരറുക്കണമെന്ന് ഉച്ചൈസ്തരം പ്രഘോഷിക്കേണ്ട സമയമാണിത്. മതമൈത്രിക്കും വിശ്വസമാധാനത്തിനുംവേണ്ടിയുള്ള പ്രാർത്ഥനാമന്ത്രങ്ങൾ മതേതരജനാധിപത്യവിശ്വാസികളുടെ ഹൃദയത്തിൽനിന്നുയരണം.

ഭീകരതീവ്രവാദവർഗീയതയെ ചെറുത്തുതോല്പിക്കാൻ ഉത്തരവാദിത്വപ്പെട്ട എല്ലാവരും പ്രതിജ്ഞാബദ്ധരായി മുന്നോട്ടുവന്നില്ലെങ്കിൽ, നമ്മുടെ നാടു ഭരിക്കുന്നത് വെറുപ്പിന്റെ രാഷ്ട്രീയവും ഹിംസയുടെ പ്രത്യയശാസ്ത്രവുമായിരിക്കും; കണ്ണീരും ചോരയും ഈ നാട്ടിൽ പുഴപോലൊഴുകുന്നതു കണ്ടു നാം നിസ്സഹായരായി നില്ക്കേണ്ടിവരും. അതൊരിക്കലും ഉണ്ടാവാതിരിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട് ശാന്തിസമാധാനസമവാക്യങ്ങൾക്കായി സഹോദരസ്നേഹത്തോടെ നമുക്കൊരുമിച്ചു നില്ക്കാം.

■

# അലയടങ്ങാതെ വിഴിഞ്ഞംസമരം

നാടു വികസിക്കണമെന്ന പൊതുതത്ത്വത്തോട് ആർക്കും എതിർപ്പില്ല. അത് എവ്വിധം, എത്രത്തോളം എന്നതിലേ അഭിപ്രായവ്യത്യാസമുള്ളൂ. ദീർഘവീക്ഷണപടുക്കളായ ഭരണാധികാരികളുടെയും സാമൂഹികപരിഷ്കർത്താക്കളുടെയും പരിശ്രമഫലമാണ് നാമിന്നനുഭവിക്കുന്ന സൗകര്യങ്ങളത്രയും എന്നതിൽ ഇന്നാർക്കെങ്കിലും സംശയമുണ്ടോ? ഒരുകാലത്തു പല്ലും നഖവുമുപയോഗിച്ച് എതിർത്തുപോന്ന സംഗതികളെ പിന്നീട്, എതിർപ്പുയർത്തിയവർതന്നെ വാരിപ്പുണരുന്ന കാഴ്ച നാം പല തവണ കണ്ടുകഴിഞ്ഞു. രാഷ്ട്രീയവും മതപരവും പ്രാദേശികവുമായ നിക്ഷിപ്തതാത്പര്യങ്ങളാണു പല എതിർപ്പുകൾക്കും പിന്നിലെന്നും നമുക്കറിയാം.

ഇങ്ങനെയൊക്കെയാണെങ്കിലും രാജ്യം വലിയ സാമ്പത്തികവളർച്ച നേടുമെന്നതിന്റെ പേരിൽ ഒരു സർക്കാരിന്റെ ഏതു വികസനസംരംഭത്തെയും കണ്ണടച്ചു പിന്തുണയ്ക്കുന്നതിൽ വലിയ അപകടമുണ്ട്. പരിസ്ഥിതിക്കു ദോഷം ചെയ്യുന്നതാണെങ്കിൽ ഏതു പദ്ധതിയും നടപ്പാക്കുന്നതിനുമുമ്പ് രണ്ടുവട്ടം ആലോചിക്കണമെന്ന കാര്യത്തിൽ ഇന്ന് എല്ലാവരും യോജിപ്പിലാണ്. അതുകൊണ്ടുതന്നെ, ഒരു വലിയ പദ്ധതി സർക്കാർ കൊണ്ടുവന്നാൽപ്പോലും വിവിധ വകുപ്പുകളുടെ അനുമതി സമ്പാദിക്കേണ്ടതുണ്ട്. പരിസ്ഥിതി ആഘാതപഠനം ഒരു മുഖ്യവിഷയമാണ്. പക്ഷേ, സർക്കാരുകളുടെയും കോർപ്പറേറ്റുകളുടെയും വികസന ഏജൻസികളുടെയും പരിരംഭണത്തിൽ പഠനരേഖകൾ ഞെരിഞ്ഞമരുന്ന കാഴ്ചയാണു നാം കണ്ടുകൊണ്ടിരിക്കുന്നത്.

വിഴിഞ്ഞം തുറമുഖപദ്ധതിയുടെ കാര്യംതന്നെയെടുക്കാം. പദ്ധതി നടപ്പാക്കിയാൽ സംഭവിക്കാൻപോകുന്ന തീരശോഷണത്തെക്കുറിച്ച് പരിസ്ഥിതി ആഘാതപഠനത്തിൽ വ്യക്തമായി ചൂണ്ടിക്കാണിച്ചിരുന്നുവെന്നാണ് ഇപ്പോൾ വാർത്തകൾ വരുന്നത്. എന്നാൽ, ഉത്തരവാദിത്വപ്പെട്ടവർ അതു തമസ്കരിച്ചു. ഇപ്പോഴിതാ, ഈ വിഷയം മത്സ്യത്തൊഴിലാളികളായ ഒരു വലിയ ജനസമൂഹത്തിന്റെ നീണ്ട സമരത്തിനു വഴിതുറന്നിരിക്കുന്നു. ഏഴിന ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള അവരുടെ സമരം ആഴ്ചകൾ പിന്നിട്ടുകഴിഞ്ഞു. വിഴിഞ്ഞം തുറമുഖപദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസമാണ് അവരുടെ മുഖ്യ ആവശ്യങ്ങളിലൊന്ന്. തുറമുഖനിർമാണത്തിന്റെ തുടക്കത്തിൽത്തന്നെ ഇതിനോടകം കിലോമീറ്ററുകൾ - ശംഖുമുഖമുൾപ്പെടെ - തീരശോഷണം സംഭവിച്ച കാര്യം അവർ ചൂണ്ടിക്കാട്ടുന്നു. കാഴ്ചയുള്ളവരുടെയൊക്കെ കൺമുമ്പിൽ ദൃശ്യമായ കാര്യമാണിത്. അപ്പോൾ തീർച്ചയായും ഇതു ഗൗരവമേറിയ വിഷയമാണ്.



പ്രതികരണം

ഇതിനൊരു പരിഹാരം കണ്ടെത്തിയേ തീരൂ. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇതു നിലനില്പിന്റെ പ്രശ്നമാണ്. അവരുടെ ഉപജീവനമാർഗമാണ് വെല്ലുവിളിക്കപ്പെടുന്നത്. തീരക്കടലിലെ ലക്ഷക്കണക്കായ മത്സ്യസമ്പത്തുതന്നെ തകർന്നടിയുന്ന സ്ഥിതിവിശേഷമാണ് തീരശോഷണത്തിലൂടെ വന്നുഭവിച്ചിരിക്കുന്നത്. ഈ നില തുടർന്നാൽ തുറമുഖനിർമാണം പൂർത്തിയാകുമ്പോഴേക്കും വിഴിഞ്ഞം തീരത്തിന്റെ സ്ഥിതിയെന്താകും? മത്സ്യത്തൊഴിലാളികളുടെ ജീവിതമെന്താകും? ഈ ചോദ്യമാണ് മത്സ്യത്തൊഴിലാളികളും അവരെ നയിക്കുന്ന നേതാക്കളും ഉയർത്തുന്നത്. സമരനേതൃത്വം വൈദികരുടെ കൈയിലാണെന്നതിന്റെ പേരിൽ ഇതിനെ വർഗീയമായി കാണേണ്ടതില്ല. യാതൊരു നിക്ഷിപ്തതാത്പര്യങ്ങളുമില്ലാതെയാണ് തിരുവനന്തപുരം ലത്തീൻ രൂപത ഈ സമരം ഏറ്റെടുത്തിരിക്കുന്നത്. അവരെ സംബന്ധിച്ച് ഇടവകസമൂഹത്തിന്റെ ഉപജീവനവിഷയമാണിത്. ഗവൺമെന്റുമായുള്ള ചർച്ചകൾ പരാജയപ്പെട്ട സ്ഥിതിക്ക് സമരം സംസ്ഥാനവ്യാപകമാക്കുമെന്ന് നേതാക്കൾ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്തായാലും കേരളത്തിന്റെ സമാധാനാന്തരീക്ഷം തകരാൻ പാടില്ല.

പരിഹാരമില്ലാത്ത പ്രശ്നമില്ലെന്നാണു ചൊല്ല്. അശരണരായ ഒരു ജനതയുടെ ജീവൽപ്രശ്നമായിക്കണ്ട് കുറച്ചുകൂടി അനുഭാവപൂർവകമായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഒപ്പം, തുടങ്ങിവച്ച ഒരു വലിയ പദ്ധതിയെ മുച്ചൂടും മുടിക്കാത്ത രീതിയിലുള്ള ഒരു നിലപാടിലേക്കു സമരനേതൃത്വവും മുന്നോട്ടുവരണം. എങ്കിൽമാത്രമേ ഈ വിഷയത്തിന് ഒരു ശാശ്വതപരിഹാരമാകൂ. ഇതിൽനിന്നു പല പാഠങ്ങളും പഠിക്കാനുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വികസനപദ്ധതികൾ - അതെത്ര വലുതായാലും നടപ്പിലാക്കുന്നതിനുമുമ്പ് തദ്ദേശവാസികളുമായുള്ള തുറന്ന സംവാദത്തിനു സർക്കാർ തയ്യാറാവണം. തദ്ദേശവാസികളുടെ പൂർണസമ്മതം വാങ്ങി ഏതെങ്കിലും പദ്ധതി നടപ്പാക്കാനാവുമോയെന്ന മറുചോദ്യമുണ്ട്. അതു ശരിതന്നെ. പക്ഷേ, അവർക്കു പ്രഥമപരിഗണന കൊടുത്താൽ മനുഷ്യത്വത്തെ മാനിക്കാതിരിക്കില്ല അവർ.

**ജോസ് പി.ജെ.**
**പുൽപ്പള്ളി**

# സമാധാനത്തിന്റെ ശാന്തിഗീതം



ഫാ. ജോസഫ് നെച്ചിക്കാട്ട്

അന്നുവരെ നിർമിച്ചിട്ടുള്ളതിലേക്കും വലിയ കപ്പലായിരുന്നു ടൈറ്റാനിക്. ഒരു സമുദ്രസഞ്ചാരിക്കു വിഭാവനം ചെയ്യാവുന്ന എല്ലാവിധ സുഖസൗകര്യങ്ങളും അതിലുണ്ടായിരുന്നു - ഉദയാസ്തമയങ്ങൾ കണ്ടു രസിക്കാനുള്ള സംവിധാനങ്ങൾ, നീന്തൽക്കുളം, വായനശാല, അഞ്ഞൂറോളം പേർക്ക് ഒന്നിച്ചിരുന്നു വെടിപറഞ്ഞുല്ലസിക്കാനുള്ള വിശാലമായ ഭക്ഷണശാല... ജീവനക്കാരടക്കം 2224 പേരുണ്ടായിരുന്ന കപ്പലിൽ തീറ്റകുടിയിലും നൃത്തസംഗീതങ്ങളിലും കളിവിനോദങ്ങളിലും മുഴുകി അവർ സമയംപോക്കി - ഏപ്രിൽ 14-ാം തീയതി (1912) വരെ.

രാത്രി 11.45 നാണ് അതു സംഭവിച്ചത്. കപ്പൽ ഭീമാകാരമായ ഒരു മഞ്ഞുകട്ടയിൽ ചെന്നു തട്ടിത്തകർന്നു. ലോകത്തിൽ ഒരു ശക്തിക്കും നശിപ്പിക്കാൻ സാധ്യമല്ലെന്നു നിർമാതാക്കൾ കരുതിയ ടൈറ്റാനിക് വെറും പച്ചവെള്ളം ഉറഞ്ഞ ഐസിൽ തട്ടിയുടയുമ്പോൾ മാനവശേഷിയുടെ പരിമിതിയാണ് വിളിച്ചറിയിക്കപ്പെട്ടത്.

ഉള്ള ബോട്ടുകളിലേക്ക് ക്യാപ്റ്റന്റെ കല്പനയനുസരിച്ച് സ്ത്രീകളും കുട്ടികളും കയറിപ്പറ്റി. അവരെയും കൊണ്ട് അവസാനത്തെ ബോട്ടും നീങ്ങിയകന്നപ്പോൾ കപ്പലിന്റെ ഡെക്കിൽ ഉദ്ദേശം 1500 ഓളംപേർ എന്തു ചെയ്യണമെന്നറിയാതെ വിറച്ചു നിന്നു!

മനസ്സിന്റെ സമനില തെറ്റി, നിലത്തുകിടന്നുരുണ്ടവരുണ്ട്, വാവിട്ടു നിലവിളിച്ചവരുണ്ട്, സർവതിനെയും പ്രാകി ദുഷിച്ചുകൊണ്ട് വിധിയെ ശപിച്ച് അങ്ങുമിങ്ങും അലറിനടന്നവരുണ്ട്... അവിടെ ആർക്ക് എന്തു പോംവഴിയാണു നിർദ്ദേശിക്കാനുള്ളത്? ആര് ആരെ എങ്ങനെ എന്തു പറഞ്ഞു സമാധാനിപ്പിക്കും? ഒരു ശക്തിക്കും ഒന്നും ചെയ്യാൻ കഴിയാത്ത നിസ്സഹായാവസ്ഥ!

അപ്പോഴാണ് അവരുടെയിടയിലേക്ക് ശാന്തമായി ആ ഗാനം ഒഴുകിയെത്തിയത്:

"Never, my God, to thee
Nearer to thee
Even though it be a cross
That raiseth me
still all my song shall be
Nearer, my God to Thee
Nearer to Thee..."

കപ്പലിലെ ഗായകസംഘത്തിന്റേതായിരുന്നു ആ ഈരടികൾ. കുരിശുൾപ്പാളികളിലൂടെ മെല്ലെ മെല്ലെ ആ ഗാനവീചികൾ ഒഴുകിവന്നപ്പോൾ കൂട്ടക്കരച്ചിലിന്റെയും അലർച്ചയുടെയും ആർത്തനാദങ്ങൾ നിലച്ചുതുടങ്ങി. ലക്ഷ്യമില്ലാതെ അങ്ങുമിങ്ങും ഓടിനടന്നവർ അടുത്തടുത്തു വന്നു. മുകളിൽ ആകാശം! താഴെ ആഴിയുടെ അപാരതയിലേക്കു മുങ്ങിത്താഴുന്ന കപ്പൽ. അതിനിടയിൽക്കൂടി നിത്യതയിലേക്കു ചിറകുവിരിച്ചുയരുന്ന ഗാനശകലങ്ങൾ!

ആ ഗാനം അവരെയെല്ലാം ഒന്നിച്ചടുപ്പിച്ചു. ഒരേ സ്വരത്തിൽ, കൈകൾ കോർത്തുപിടിച്ച് അവരും ഏറ്റുപാടി: "എന്റെ സ്രഷ്ടാവായ ദൈവമേ, അങ്ങയുടെ സന്നിധിയിലേക്കു ഞാനിതാ വരുന്നു. കുരിശിലാണ് ഞാൻ ഉയർത്തപ്പെടുന്നതെങ്കിലും എന്റെ എല്ലാ ഗാനങ്ങളും അങ്ങയുടെ പക്കലേക്ക്."

കപ്പലിന്റെ ഗോവണികളും ഭക്ഷണശാലകളും വിനോദസ്ഥലങ്ങളും കടലിന്റെ ആഴങ്ങളിലേക്കു താണുതാണുപൊയ്ക്കൊണ്ടിരുന്നപ്പോഴും ഹൃദയത്തിന്റെ ആഴങ്ങളിൽനിന്ന് ആ ഗാനം ഉയർന്നുയർന്നുവന്നു. മരിക്കുമെന്ന് ഉറപ്പുണ്ടായിരുന്നിട്ടും രക്ഷാമാർഗങ്ങളെക്കുറിച്ചു ചിന്തിക്കാതെ തങ്ങളുടെ നാവുകൾ വെള്ളത്തിനടിയിൽ ആകുന്നതുവരെ ആ അനശ്വരഗാനം പാടിക്കൊടുത്ത ഗായകസംഘം ക്രൈസ്തവധീരതയുടെ ഉദാത്തമായ ഉദാഹരണമാണ്.

അനേകം പരിഭ്രാന്തരുടെ മരണാനുഭവത്തിന് ഈണവും താളവും പ്രദാനം ചെയ്ത ഗാനം! "ആ ഗാനം തുടങ്ങിയതിനുശേഷം പിന്നെ ആരുടെയും അലർച്ച പുറത്തുകേട്ടില്ല. അതിന്റെ നിർവൃതിയിലും നിർഭരതയിലും ഞങ്ങളും ലയിച്ചുചേർന്നു..." ബോട്ടിൽ കയറിയ ഒരു ദൃക്സാക്ഷിയുടെ വിവരണമാണത്. താഴെ നടുക്കടലിൽ നീന്തിത്തുടിച്ചുനിന്നവർക്കും തടിക്കഷണങ്ങളിൽ പിടിച്ചുനിന്നു സർവാംഗം മരച്ചുപോയവർക്കും ആ സ്തുതിഗീതം ഏതോ അഭൗമികമായ ശാന്തി സമ്മാനിച്ചു. ഇരുമ്പുകഷണങ്ങളിലൂടെ ഉരസിപ്പോകുന്ന കാന്തംപോലെ അത് അവരെ ഒരു മാസ്മരികവലയത്തിലാക്കി.

ഒരു തരത്തിൽ പറഞ്ഞാൽ, അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും അത്യുന്നതന്മാരായിരുന്നു യാത്രക്കാർ. ജീവിതത്തിന്റെ കരിപുരണ്ട വശം ഒരിക്കൽപ്പോലും കാണേണ്ട ഗതികേടു സംഭവിക്കാത്തവർ. തിന്നുകുടിച്ചുമദിച്ചുകഴിഞ്ഞവർക്ക് മറ്റൊന്നും ചിന്തിക്കേണ്ടിവന്നിട്ടില്ല.

വിഭിന്ന ലക്ഷ്യങ്ങളോടെ ഇറങ്ങിത്തിരിച്ചവരായിരുന്നു അവരെല്ലാം. വെറും വിനോദയാത്രയ്ക്കായി ഇറങ്ങിയവരുണ്ട്. ആസ്റ്റർ ദമ്പതികളെപ്പോലെ മധുവിധു ആഘോഷിക്കാൻ പുറപ്പെട്ടവരുണ്ട്. ജീവിതത്തിൽ ഒരിക്കൽപ്പോലും ദൈവത്തെ വിളിക്കാത്തവരുമുണ്ടായിരുന്നു കൂട്ടത്തിൽ. നിനച്ചിരിക്കാത്തൊരു നിമിഷത്തിൽ മരണത്തിന്റെ മഞ്ഞുകട്ടയിൽ തട്ടി എല്ലാം തകർന്നപ്പോൾ അവരുടെയൊക്കെ സമനില തെറ്റിയതിൽ അദ്ഭുതത്തിന് അവകാശമില്ലല്ലോ. ഒന്നല്ല, രണ്ടല്ല, ഒന്നര സഹസ്രം പേരായിരുന്നു ആ സമ്മിശ്രസമൂഹത്തിൽ. പരിഭ്രാന്തമായ മരണവെപ്രാളമായിരുന്നു ആ മണിക്കൂർ അവർക്കു സമ്മാനിച്ചത്.

അവിടെ മാനസികമായ സ്വസ്ഥതയും സമാധാനവും പ്രദാനം ചെയ്ത് ദൈവപരിപാലനയ്ക്ക് തങ്ങളെത്തന്നെ വിട്ടുകൊടുക്കാൻ അവരെ ഒരുക്കുക നിസ്സാരകാര്യമല്ല. ആ മഹത്തായ കൃത്യമാണ് ഗായകസംഘം നിറവേറ്റിയത്. അതുകൊണ്ടുതന്നെയാണ് ചരിത്രത്തിലെ ഏറ്റവും വലിയ പ്രേഷിതരെന്ന് അവരെ ചിലർ വിശേഷിപ്പിച്ചതും.




നിഘണ്ടുവിലില്ലാത്ത തെറികൾ വിളിച്ചുപറഞ്ഞുകൊണ്ട് തെരുവോരത്തുകിടന്നു പുഴുത്തുമരിക്കുന്ന ഒരാളെ കൽക്കട്ടാനഗരത്തിന്റെ പ്രാന്തപ്രദേശത്തുവച്ച് മദർ തെരേസാ കണ്ടുമുട്ടുകയാണ്. കണ്ടപാടേ അയാളെ തന്റെ ആതുരാലയത്തിലേക്ക് മദർ എടുത്തുകൊണ്ടുവന്നു. അയാളുടെ വ്രണങ്ങൾ കഴുകിക്കെട്ടി മരുന്നും ഭക്ഷണവും കൊടുത്തു - ശാന്തമായി മരണം സ്വീകരിക്കാൻ അയാളെ ഒരുക്കി. തന്നെ ലോകം മുഴുവൻ വെറുക്കുന്നു എന്നു വിചാരിച്ച് സർവരെയും പ്രാകി ദുഷിച്ചുകൊണ്ടുകിടന്ന മനുഷ്യനിലേക്കാണ് സ്നേഹത്തിന്റെ ഒരു കൈത്തിരി കടന്നുവരുന്നത്. തന്നെ വെറുക്കാത്തവരും ലോകത്തിലുണ്ട് എന്ന് അയാൾക്കു മനസ്സിലായി.

"അമ്മ എന്നോട് ഇങ്ങനെ ചെയ്യാൻ കാരണമെന്താണ്?" അയാൾ ആരാഞ്ഞു. "നിന്നെ സ്നേഹിക്കുന്ന ഒരാളുണ്ട്. ആ ആളിനുവേണ്ടിയാണ് ഞാനിതു ചെയ്യുന്നത്."

"ഓ, അങ്ങനെയും ഒരാളുണ്ടോ? ആരാണത്?"

മദർ അയാളുടെ കൈയിൽ ഒരു ക്രൂശിതരൂപം കൊടുത്തിട്ട് പറഞ്ഞു: "ഈ ആൾ നിന്നെ സ്നേഹിക്കുന്നു. സ്വർഗത്തിൽ നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു..."

അയാൾ ശാന്തമായി മരണം സ്വീകരിച്ചു! ചില ദുർബലനിമിഷങ്ങളിൽ സാന്ദർഭികമായി ലഭിക്കുന്ന ചില്ലറ സഹായം, മാർഗനിർദേശം അനേകരെ തങ്ങളുടെ ദൗർഭാഗ്യങ്ങൾ സമർപ്പിതമനോഭാവത്തോടെ സ്വീകരിക്കുവാൻ പ്രാപ്തരാക്കിയേക്കും.

ആത്മഹത്യയ്ക്കു മുതിരുന്നവരെ കണ്ടിട്ടില്ലേ? എല്ലാം തകർന്നു, എല്ലാവരും കൈവിട്ടു. ഇനി ഒരടി മുന്നോട്ടു നീങ്ങുവാൻ നിവൃത്തിയില്ല എന്നു ചിന്തിച്ചെത്തുമ്പോഴാണ് അവരതിനു തുനിയുക.

അവസരോചിതമായി ലഭിക്കുന്ന ചെറിയൊരു പ്രകാശകിരണംപോലും മേല്പറഞ്ഞവരെയൊക്കെ നേർവഴിയിലേക്കു നയിച്ചെന്നു വരും. ■




*ദേശീയതലത്തിലുള്ള റീച്ച് യുഎസ് എയ്ഡ് മീഡിയ ഫെലോഷിപ്പ് ദീപിക കൊച്ചി ബ്യൂറോ ചീഫ് സിജോ പൈനാടത്ത് ഏറ്റുവാങ്ങുന്നു. ന്യൂഡൽഹിയിലെ ഗ്രേറ്റർ കൈലാഷ് ഹോട്ടൽ ആൽഫിന സ്യൂട്ടിൽ നടന്ന ദേശീയമാധ്യമശില്പശാലയിൽ റീച്ച് ഇന്ത്യ ഡയറക്ടർ ഡോ. അനുപമ ശ്രീനിവാസനും സീനിയർ ടെക്നിക്കൽ എക്സ്പർട്ട് ഡോ. ജയ ശ്രീധറും ചേർന്നാണ് ഫെലോഷിപ്പ് നൽകിയത്. 'ക്ഷയരോഗനിർമാർജനത്തിലെ വെല്ലുവിളികൾ കൊവിഡനന്തരകേരളത്തിൽ' എന്ന വിഷയത്തെ അധികരിച്ചുള്ള പഠനങ്ങൾക്കാണ് ഫെലോഷിപ്പ്.*

നോവൽ 32



# ദേവരക്തം

ഗിരീഷ് കെ. ശാന്തിപുരം

**ആ**രാച്ചാരുടെ വാക്കുകൾ നേരിയൊരദ്ഭുതത്തോടെയാണ് ദേവസഹായം ശ്രവിച്ചത്. വിളക്കുവെട്ടത്തിൽ ആരാച്ചാരുടെ കണ്ണുകളിൽ സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ഒരു നിഴലാട്ടം ദേവസഹായം ദർശിച്ചു.

കുറ്റവാളികളെ കഴുവേറ്റാൻ കൊട്ടാരത്തിൽനിന്നു നിയോഗിക്കപ്പെട്ട ഒരാൾ... കഴുത്തുവെട്ടുമ്പോഴും കഴുമരത്തിലേറ്റുമ്പോഴും ഒരു മനുഷ്യന്റെ മരണപ്പിടച്ചിലുകൾ നിർവികാരതയോടെ നോക്കിനില്ക്കുന്ന ഒരാൾ... ഹൃദയത്തിൽ മൃദുലവികാരങ്ങൾ സൂക്ഷിക്കാത്ത ഒരാൾ.

അയാളാണു പറയുന്നത് എവിടേക്കെങ്കിലും ഓടിരക്ഷപ്പെടാൻ. അത് ദേവസഹായത്തിന് അതിശയകരമായിതോന്നി. അദ്ദേഹം തെല്ലൊരു സന്ദേഹത്തോടെ ആരാച്ചാരുടെ കണ്ണുകളിലേക്കുറ്റു നോക്കി.

“താങ്കൾ ഒരു പുണ്യാത്മാവുതന്നെയെന്ന് എനിക്കു തീർത്തും നിശ്ചയമുണ്ട്. താങ്കളിൽ കുടികൊള്ളുന്ന ദൈവികചൈതന്യത്തിലും എനിക്കു വിശ്വാസമുണ്ട്. അതുകൊണ്ടാണു താങ്കളുടെ പ്രാണരക്ഷ ഞാൻ ആഗ്രഹിക്കുന്നത്. കാവൽക്കാരറിയാതെ ഈ വിലങ്ങുകൾ ഞാൻ തകർത്തുതരാം. ഈ രാത്രിയിൽത്തന്നെ എവിടേക്കെങ്കിലും ഓടിരക്ഷപ്പെട്ടുകൊള്ളുക.”

“എവിടേക്ക്?”

“എവിടേക്കെങ്കിലും. ഭടന്മാരുടെയും മഹാരാജാവിന്റെയും കണ്ണിൽപ്പെടാതെ എവിടേക്കെങ്കിലും.”

ദേവസഹായവും ഒരു മനുഷ്യനായിരുന്നു. മനുഷ്യസഹജമായ എല്ലാ ബലഹീനതകളും ദേവസഹായത്തിലുണ്ടായിരുന്നു. ഒരുനിമിഷം. മരണത്തിൽനിന്നുള്ള മോചനം ദേവസഹായം ആഗ്രഹിച്ചുപോയി. എങ്കിലും അദ്ദേഹം പറഞ്ഞു:

“ഇക്കാര്യത്തിൽ ഒരാളോട് എനിക്ക് ഉപദേശം തേടേണ്ടതുണ്ട്.”

“അതുമതി. പക്ഷേ, അതെത്രെയും പെട്ടെന്നു വേണം. അല്ലെങ്കിൽ അങ്ങയുടെ ജീവൻ അപകടത്തിലാകും.”

രാജകല്പനയനുസരിച്ചു പെരുവിളയിൽ ദേവസഹായത്തിനു കാവൽനിന്നിരുന്ന രാജഭടന്മാർ വല്ലാതെ മടുത്തിരുന്നു. കുറച്ചുകാലമായി അവർ ദേവസഹായത്തെ ഉപദ്രവിക്കുന്നതിൽ നേരിയ വൈമുഖ്യവും കാണിച്ചിരുന്നു. അതിന്റെ പ്രധാനകാരണങ്ങളിലൊന്ന് ആരാച്ചാരുടെ ഇടപെടൽതന്നെ.

എങ്കിലും ഒരന്തവുമില്ലാതെ നീണ്ടുപോകുന്ന ഈ കാവലിൽനിന്ന് അവർക്കു രക്ഷനേടേണ്ടതുണ്ട്. പക്ഷേ, കൊട്ടാരത്തിൽനിന്നുള്ള കല്പന അനുസരിക്കാതിരിക്കാനും നിവൃത്തിയില്ല. അതിനൊരുപായം അവർ അതീവരഹസ്യമായി ആലോചിച്ചുറപ്പിക്കുകയും ചെയ്തു.

ദേവസഹായത്തിനുള്ള ഭക്ഷണത്തിൽ വിഷം ചേർത്തു നൽകുക. അങ്ങനെ മരണപ്പെട്ടാൽ തങ്ങൾക്കു കാവലിൽനിന്നു രക്ഷപ്പെടാം. ദേവസഹായത്തിന്റെ മരണകാരണം ഇരുചെവി അറിയുകയുമില്ല.

ദേവസഹായത്തെ കൊല്ലാനുള്ള വിഷവും അവർ ശേഖരിച്ചിരുന്നു. ഈ വിവരം ചോർന്നു കിട്ടിയതുകൊണ്ടാണ് ആരാച്ചാർ എവിടേക്കെങ്കിലും ഓടിരക്ഷപ്പെടാൻ ദേവസഹായത്തോടഭ്യർത്ഥിച്ചത്.

ഈ വിവരങ്ങളെല്ലാം വിശദമായി ദേവസഹായം ഒരു ഓലകുറിച്ച് ആരാച്ചാരുടെ ഒരു സഹായിവശം ഫാദർ മധുരേന്ദ്രസ്വാമികൾക്കെത്തിച്ചു കൊടുത്തു.

കത്തു വായിച്ചു വിവരങ്ങൾ മനസ്സിലാക്കിയ മധുരേന്ദ്രസ്വാമികൾ ഇങ്ങനെ ഒരു മറുകുറി ദേവസഹായത്തിനെത്തിച്ചുകൊടുത്തു:

“ഒരു പടയാളി ബഹുമാനപൂർവം തന്റെ യജമാനനുവേണ്ടി യുദ്ധത്തിലേർപ്പെട്ടിരിക്കേ പടക്കളത്തിൽനിന്നു പിൻതിരിഞ്ഞോടിയാൽ അവനു വിജയം സാധ്യമാകുമോ?”

“ചരക്കു കയറ്റി യാത്ര ചെയ്യുന്ന കപ്പൽ, കച്ചവടക്കാരൻ കപ്പൽപ്പായ വിരിച്ചുകെട്ടി ചുക്കാൻ പിടിച്ച്, ശരിയായ മാർഗത്തിൽക്കൂടി കപ്പലോടിച്ചു തുറമുഖത്തടുക്കാതിരുന്നാൽ അവനു കച്ചവടത്തിൽനിന്ന് ലാഭമുണ്ടാകുമോ? ശരിയാംവിധം ആലോചിച്ചു നോക്കുക.”



കൂടുതലൊന്നും ആലോചിക്കേണ്ടിവന്നില്ല ദേവസഹായത്തിന്. മധുരേന്ദ്രസ്വാമികളുടെ കത്തിൽനിന്ന് ദേവസഹായം തന്റെ നിയോഗമെന്താണെന്നു ശരിയായ അർത്ഥത്തിൽ വായിച്ചെടുത്തു.

തന്റെ വഴികൾ കുരിശിന്റേതാണ്. തന്റെ യാത്ര സ്വർഗത്തിന്റെ മഹാഭാഗ്യങ്ങളിലേക്കാണ്. അനേകം വിശുദ്ധന്മാരുടെ രക്തവും മാംസവും ചിതറിയ വഴിയാണത്.

ലോകനിയന്താവായ ക്രിസ്തുവിനുവേണ്ടി സ്വന്തം ജീവനെ ഉപേക്ഷിക്കുകതന്നെ അഭികാമ്യം. മാർഗമധ്യേ പിൻതിരിഞ്ഞോടുക അസാധ്യം. ദേവസഹായം ആരാച്ചാരോടു പറഞ്ഞു:

‘‘പ്രിയ മിത്രമേ, എന്റെ ലക്ഷ്യം എങ്ങനെയെങ്കിലും ജീവനെ നിലനിറുത്തി ഈ ലോകത്തിന്റെ ലൗകികസുഖങ്ങളെ അനുഭവിക്കുന്നതിലല്ല. അതിനെ ഉപേക്ഷിച്ചു നിത്യവും പരമാനന്ദകരവുമായ സ്വർഗീയസുഖം അനുഭവിക്കുന്നതിലാണ്.”

ദേവസഹായത്തിന്റെ വാക്കുകൾ അതിശയകരമായിത്തോന്നി ആരാച്ചാർക്ക്. രക്ഷപ്പെടാനുള്ള മാർഗമുപദേശിച്ചിട്ടും അദ്ദേഹമതിനു വഴിപ്പെടുന്നില്ലല്ലോ എന്നു ചിന്തിച്ചപ്പോൾ അനല്പമായ വിഷമവുമുണ്ടായി. ആരാച്ചാർ പറഞ്ഞു:

“പുണ്യാത്മാവേ, അങ്ങയുടെ ചിന്തകളും പ്രവൃത്തികളും ഒരു സാധാരണമനുഷ്യനായ എനിക്ക് മനസ്സിലാക്കാവുന്നതിലും അപ്പുറത്താണ്. എങ്കിലും, ഈ ലോകം മഹത്തായതെന്തോ അങ്ങേക്കായി കരുതിവച്ചിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നുണ്ട്. അതെന്തുമാകട്ടെ, ഒന്നോ രണ്ടോ ദിവസങ്ങൾക്കകം താങ്കൾ കൊല്ലപ്പെടും എന്നെനിക്കു നിശ്ചയമായും ഉറപ്പുണ്ട്. ആയതിനാലാണ് ഞാൻ അങ്ങയോടു രക്ഷപ്പെട്ടുകൊള്ളാൻ ആവശ്യപ്പെട്ടത്.”

‘‘മരണത്തിലേക്ക് ഒന്നോ രണ്ടോ ദിവസങ്ങളുടെ ദൈർഘ്യമോ? അത് സങ്കടകരമാണു മിത്രമേ, ഏറ്റവുമടുത്ത നിമിഷത്തിൽത്തന്നെ അതു സംഭവിക്കണേ എന്നാണ് എന്റെ പ്രാർത്ഥന.” ദേവസഹായം പറഞ്ഞു.

ആരാച്ചാർ പിന്നീടൊന്നും ദേവസഹായത്തോടു സംസാരിച്ചില്ല. പക്ഷേ, ഓരോ നിമിഷവും ഒരദ്ഭുതമായി ഈ മനുഷ്യൻ തന്റെയുള്ളിൽ വളരുകയാണ്. തീർത്തും നിരപരാധിയും നിഷ്കളങ്കനുമായ ഒരാൾ. എന്തു തെറ്റാണ് ബ്രാഹ്മണരും അധികാരികളും ഈ മനുഷ്യനിൽ ആരോപിക്കുന്നത്?

ഈ ലോകം ഒരു കൊടുംകുറ്റവാളിയോടെന്നപോലെയാണ് ഈ മഹാത്മാവിനോടു പ്രവർത്തിക്കുന്നത്. എന്നിട്ടും പരിഭവിക്കുകയോ സങ്കടപ്പെടുകയോ ചെയ്യാത്ത ഒരാൾ.... സ്വന്തം ജീവനെക്കുറിച്ചു പരിഭ്രമിക്കാത്ത ഒരാൾ... അനുനിമിഷം മരണത്തെ പ്രതീക്ഷിക്കുന്ന, കാത്തിരിക്കുന്ന ഒരാൾ...

താനൊരു ഹിന്ദുവാണ്. മറ്റു മതങ്ങളെക്കുറിച്ചൊന്നും പഠിച്ചിട്ടില്ല. എങ്കിലും ഒന്നുറപ്പുണ്ട്. ഈ മനുഷ്യനിൽ അദൃശ്യനായ ഏതോ ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഈ മനുഷ്യന്റെ മരണം തന്റെ തൊടിയിൽവച്ചു സംഭവിച്ചുകൂടാ എന്ന് ആരാച്ചാർ നിശ്ചയിച്ചു. അങ്ങനെ വന്നാൽ ഈ മണ്ണ് ശാപഗ്രസ്തമാകും. ഇവിടെ ഒരു പുൽക്കൊടിപോലും പൊന്തുകയില്ല. ആരാച്ചാർ അങ്ങനെ ചിന്തിച്ചു. അദ്ദേഹം ദേവസഹായത്തിന്റെ കാവൽഭടന്മാരെ സമീപിച്ചു പറഞ്ഞു:

“നിങ്ങൾ രഹസ്യമായി തീരുമാനിച്ച പദ്ധതികളെല്ലാം പരസ്യമായിരിക്കുന്നു. വിവരം കൊട്ടാരത്തിലുമെത്തിയിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തെ നിങ്ങളുടെ കൈകൾകൊണ്ട് അപായപ്പെടുത്തരുത്. നിങ്ങൾ രാജകോപത്തിനിരയാകും. വധശിക്ഷ നിങ്ങൾക്കുറപ്പ്. അങ്ങനെ വന്നാൽ എന്റെ കൈകൾകൊണ്ടാകും നിങ്ങളെ കഴുമരത്തിലേറ്റുക.”

ഭടന്മാർ ഭയചകിതരായി. തങ്ങൾ അതീവരഹസ്യമായി ആവിഷ്കരിച്ച പദ്ധതി എങ്ങനെ പരസ്യമായി എന്നവർ പരിഭ്രമിച്ചു. ദേവസഹായത്തിനായി കരുതിവച്ചിരുന്ന വിഷം അവർ കാടിന്റെ മറവുകളിലേക്കെറിഞ്ഞു കളഞ്ഞു.

അങ്ങനെ ദേവസഹായത്തിൽനിന്ന് മരണഭാഗ്യം കല്ലേറു ദൂരത്തിലേക്കു വീണ്ടു അകന്നുപോയി. ആയതിനാൽ, ദേവസഹായം സങ്കടപ്പെടുകയും ആരാച്ചാർ സന്തോഷിക്കുകയും ചെയ്തു.

മൂന്നു വർഷത്തോളം ദൈർഘ്യമായിരിക്കുന്നു, ദേവസഹായത്തിന്റെ പീഡാസഹനങ്ങൾക്ക്. ആരാച്ചാരുടെ പശുത്തൊഴുത്തിനു സമീപം കെട്ടിയ ഓലപ്പുരയിൽ മാത്രമായിരുന്നു ദേവസഹായത്തിന് അത്യധികപീഡനങ്ങളൊന്നും അനുഭവിക്കേണ്ടിവരാതിരുന്നത്.

അത് അധികാരികൾക്കും ബ്രാഹ്മണർക്കും അത്യധികമായ കോപമുണ്ടാക്കി. കോപം എന്നതിലുപരി തങ്ങളുടെ വാക്കുകൾ തൃണസമാനമാകുന്നതുപോലെയും തങ്ങൾ പൂർവാധികം അപമാനിക്കപ്പെടുന്നതുപോലെയുമാണ് അവർക്ക് അനുഭവപ്പെട്ടത്.

കുളമക്കാട്ടിൽ കൊണ്ടുചെന്നു ശിരച്ഛേദം ചെയ്യണമെന്ന് രാജകല്പനയുണ്ടായിട്ടും അതു സംഭവിച്ചില്ല. പെരുവിളയിൽ കൊണ്ടുവന്ന് കഷ്ടപ്പെടുത്തി കൊന്നുകളയണമെന്നു വീണ്ടും കല്പനയുണ്ടായി. അതും സംഭവിച്ചില്ല. ഒന്നല്ലെങ്കിൽ മറ്റൊരു കാരണംകൊണ്ട് അവൻ മരണത്തിൽനിന്നു നൂലിഴവ്യത്യാസത്തിൽ രക്ഷപ്പെടുകയാണ്. അതാണദ്ഭുതം.

ഇനി അങ്ങനെ സംഭവിച്ചുകൂടാ. ജനങ്ങളെല്ലാം അവന്റെ പിന്നാലെയാണ്. എല്ലാവരും അവനെക്കുറിച്ചു സംസാരിക്കുന്നു. അവന്റെ അദ്ഭുതപ്രവൃത്തികളെപ്പറ്റി. അവന്റെ ജ്ഞാനത്തെപ്പറ്റി. അവന്റെ സഹനശേഷിയെപ്പറ്റി സത്യം, ജനങ്ങളെല്ലാം അവന്റെ പിന്നാലെയാണ്.

ബ്രാഹ്മണർക്കും സ്ഥലം അധികാരികൾക്കും ഇരിക്കപ്പൊറുതിയില്ലാതെയായി. അവർ വീണ്ടും മഹാരാജാവിനെ ശരണം പ്രാപിച്ചു. ദേവസഹായത്തെപ്പറ്റി ആകാവുന്നതെല്ലാം പറഞ്ഞു ധരിപ്പിച്ചു. എത്രയും വേഗം ദേവസഹായത്തെ കൊന്നുകളയണമെന്നും രാജാവിനോടുണർത്തിച്ചു.

മഹാരാജാവിന് അത്യധികമായ കോപമുണ്ടായി. പക്ഷേ, നീലകണ്ഠനെ വധിക്കാനുത്തരവിടാൻ മഹാരാജാവിനു കഴിഞ്ഞില്ല. മതപരിവർത്തനം ഹേതുവാക്കി ഒരാളെ വധിക്കുന്നത് തെറ്റാണെന്നുള്ള സന്ന്യാസിയുടെ വാക്കുകൾ ഒരു വേലിയേറ്റം തന്നെ സൃഷ്ടിച്ചു മഹാരാജാവിൽ.

പക്ഷേ, ബ്രാഹ്മണരെ ധിക്കരിക്കാനും വയ്യ. അവരുടെ വാക്കുകൾ തള്ളാനും കൊള്ളാനുമാകാതെ മഹാരാജാവ് വിഷമിച്ചു. ഒടുവിൽ മഹാരാജാവ് കല്പിച്ചു:

*ശേഷം 12-ാം പേജിൽ*

# മലയാളത്തിന്റെ സൗമ്യസുന്ദരനായകൻ

## മലയാളത്തിന്റെ മഹാനടൻ നവതിയുടെ നിറവിൽ





രാജീവ് പെരിങ്ങാട്ട്

പരീക്കുട്ടിക്കു പ്രാണനായിരുന്നു കറുത്തമ്മയെ.

കറുത്തമ്മയ്ക്കു പരീക്കുട്ടിയെയും.

നീർക്കുന്നം കടപ്പുറമാകെ ഉദിച്ചുനിന്ന നിലാവായിരുന്നു അവരുടെ പ്രണയം.

അച്ഛന്റെ ചതിയിൽ പരീക്കുട്ടിയെ ഉപേക്ഷിച്ചു മറ്റൊരാളെ വിവാഹം ചെയ്ത് തുറവിട്ടുപോകുമ്പോൾ കറുത്തമ്മയോടു പരീക്കുട്ടി പറയുന്നുണ്ട്:

"കറുത്തമ്മ പോയാലും ഈ കടപ്പുറത്തുനിന്ന് ഞാൻ പോകില്ല. ഞാനെന്നും ഇവിടെയിരുന്ന് കറുത്തമ്മയെ ഓർത്ത് ഉറക്കെയുറക്കെപ്പാടും. അങ്ങനെ പാടിപ്പാടി ഞാൻ ചങ്കുപൊട്ടി ചാകും."

പരീക്കുട്ടിയുടെയും കറുത്തമ്മയുടെയും അനശ്വരപ്രണയം പറഞ്ഞ ചെമ്മീൻ എന്ന ചിത്രത്തിലെ ഏറ്റവും ഹൃദയസ്പർശിയായ രംഗമാണത്. പിന്നീടും എത്രയോ തലമുറകളിലെ കാമുകന്മാർ തങ്ങളുടെ കാമുകിയോട് പരീക്കുട്ടി കറുത്തമ്മയോടു പറഞ്ഞ ആ വാക്കുകൾ കളിയായും കാര്യമായും ഏറ്റുപറഞ്ഞിട്ടുണ്ട്.

അത്രയ്ക്ക് ആഴത്തിൽ പരീക്കുട്ടി എന്ന കാമുകൻ പ്രേക്ഷകരുടെ ഉള്ളിൽ പതിഞ്ഞിട്ടുണ്ട്. സുമുഖനും സൗമ്യനുമായ മധു എന്ന നടന്റെ അഭിനയമികവായിരുന്നു അതിനു പിന്നിൽ.

വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ അഭിനയത്തോടുള്ള അടങ്ങാത്ത മോഹമാണ് അദ്ദേഹത്തെ നാടകരംഗത്തെത്തിച്ചത്. പിന്നീട് കാത്തിരുന്നു കിട്ടിയ അധ്യാപകജോലി രാജി വച്ചുകൊണ്ട് നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ ചേർന്നു. അവിടെവച്ചാണ് രാമു കാര്യാട്ടുമായി പരിചയത്തിലാകുന്നതും അദ്ദേഹത്തിന്റെ മൂടുപടം എന്ന ചിത്രത്തിലേക്കു പ്രവേശിക്കുന്നതും.

കാര്യാട്ടിന്റെ മൂടുപടം എന്ന ചിത്രത്തിലാണ് ആദ്യം അഭിനയിച്ചതെങ്കിലും എൻ.എൻ. പിഷാരടി സംവിധാനം ചെയ്ത് 1963ൽ പുറത്തിറങ്ങിയ നിണമണിഞ്ഞ കാല്പാടുകൾ എന്ന ചിത്രത്തിലൂടെയായിരുന്നു മധു എന്ന നടൻ പ്രേക്ഷകർക്കു മുന്നിലെത്തിയത്. പ്രേംനസീർ അവതരിപ്പിച്ച തങ്കച്ചൻ എന്ന കഥാപാത്രത്തോടൊപ്പം മധു അവതരിപ്പിച്ച സ്റ്റീഫൻ എന്ന കഥാപാത്രവും പ്രേക്ഷകർ ഹൃദയത്തിലേറ്റി.

ഭാർഗവീനിലയമടക്കം പിന്നീട് വന്ന ചിത്രങ്ങളെല്ലാം മധുവിനെ പ്രേക്ഷകരുടെ പ്രിയങ്കരനാക്കിമാറ്റി. മൂടുപടത്തിലെ കുഞ്ഞുകുഞ്ഞും ഭാർഗവീനിലയത്തിലെ സാഹിത്യകാരനും മുറപ്പെണ്ണിലെ കേശവൻകുട്ടിയും ആദ്യകിരണങ്ങളിലെ പാപ്പച്ചനും കുട്ടിക്കുപ്പായത്തിലെ സിദ്ദിക്കിനും ശേഷം ഒടുവിൽ ചെമ്മീനിലെ അനശ്വരപ്രണയനായകനായ പരീക്കുട്ടിയിലെത്തിയപ്പോഴേക്കും പ്രേക്ഷകഹൃദയങ്ങളിൽ സത്യൻ മാഷിനും പ്രേംനസീറിനുമൊപ്പം മധു എന്ന നടനും ചിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരുന്നു.

പിന്നീട് എത്രയെത്ര സിനിമകൾ... സത്യൻമാഷിനുശേഷം മലയാളത്തിലെ ഏറ്റവും മികച്ച എഴുത്തുകാരുടെ കഥാപാത്രമായി മാറാൻ അദ്ദേഹത്തിനു സാധിച്ചു. എസ് കെ. പൊറ്റെക്കാട്ടിന്റെയും പാറപ്പുറത്തിന്റെയും വൈക്കം മുഹമ്മദ് ബഷീറിന്റെയും തകഴിയുടെയും ചങ്ങമ്പുഴയുടെയും തുടങ്ങി എത്രയോ മഹാരഥന്മാരുടെ തൂലികയിൽ വിരിഞ്ഞ കഥാപാത്രങ്ങളെ സ്വതഃസിദ്ധമായ വഴക്കത്തോടെ അദ്ദേഹം അഭ്രപാളിയിൽ അവതരിപ്പിച്ചു!

ഓളവും തീരവും എന്ന ചിത്രത്തിലെ ബാപ്പുട്ടിയും രമണനിലെ മദനനും തുലാഭാരത്തിലെ ബാബുവും നദിയിലെ സണ്ണിയും സ്വയംവരത്തിലെ വിശ്വവും വാടകയ്ക്ക് ഒരു ഹൃദയം എന്ന ചിത്രത്തിലെ സദാശിവൻപിള്ളയും മീൻ എന്ന ചിത്രത്തിലെ കുര്യാക്കോസും പടയോട്ടത്തിലെ ദേവനും ഇതാ ഇവിടെ വരെ എന്ന ചിത്രത്തിലെ താറാവുപൈലിയും അപരനിലെ അച്ഛനും ചമ്പക്കുളം തച്ചൻ എന്ന ചിത്രത്തിലെ മൂത്തതച്ചനും നാടുവാഴികളിലെ അനന്തനും... അങ്ങനെ എന്നുമോർമിക്കാൻ എണ്ണിയാൽ തീരാത്ത വൈവിധ്യമേറിയ ഒട്ടേറെ കഥാപാത്രങ്ങളെ അദ്ദേഹം മലയാളത്തിനു നല്കി.

എഴുപതുകളുടെ മധ്യംമുതൽ തന്റെ ശരീരത്തിൽ വന്ന പ്രകടമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കഥാപാത്രങ്ങളെ തനതായ ശൈലിയിൽ രൂപപ്പെടുത്തിയെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു. അതുകൊണ്ടുതന്നെ ഓരോ കഥാപാത്രവും അയത്നലളിതമായാണു പ്രേക്ഷകരുടെ മുന്നിലേക്കെത്തിയത്. സിനിമകളിലെ ഗാനരംഗങ്ങളെയും മധുവെന്ന നടൻ തന്റേതായ സ്വാഭാവികതയോടെ മനോഹരമാക്കി.

സാമ്യമകന്നോരുദ്യാനമേ, പാതിരാവായില്ല, ചെമ്പകപ്പൂങ്കാവനത്തിലെ, സ്വർണ്ണഗോപുരനർത്തകീശില്പം, മംഗളം നേരുന്നു ഞാൻ, പൊന്നിൽ കുളിച്ച രാത്രി, ഓമലാളെ കണ്ടു ഞാൻ പൂങ്കിനാവിൽ, നളദമയന്തിക്കഥയിലെ, മാണിക്യവീണയുമായെൻ, വെൺചന്ദ്രലേഖയൊരു അപ്സരസ്ത്രീ എന്നിങ്ങനെ മലയാളം കേട്ട ഒട്ടേറെ മനോഹരരാഗങ്ങൾ അദ്ദേഹത്തിന്റെ ചിത്രങ്ങളിലൂടെയായിരുന്നു.

സാത് ഹിന്ദുസ്ഥാനി എന്ന ചിത്രത്തിലൂടെ ഹിന്ദിയിലും അദ്ദേഹം അഭിനയിച്ചു.

1970 ൽ പ്രിയ എന്ന ചിത്രത്തിലൂടെ സംവിധാനരംഗത്തും തന്റെ മുദ്ര പതിപ്പിച്ചു. പിന്നീടും കുറച്ചു ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്യുകയും നിർമിക്കുകയും ഒരു ചിത്രത്തിനു വേണ്ടി തിരക്കഥ എഴുതുകയും ചെയ്തു. പലർക്കും അറിയാത്ത കാര്യങ്ങളാണ് അതെല്ലാം. എങ്കിലും ഒരു സാദാപ്രേക്ഷകൻ എന്നുമോർക്കുന്നത് മധു എന്ന നടനെയാണ്.

അർഹിച്ചിരുന്ന പരിഗണന ലഭിച്ചില്ലയെങ്കിലും ആരോടും പരിഭവമില്ലാതെ ലാളിത്യത്തിന്റെ മറുവാക്കായി ആഭിജാത്യത്തോടെ അദ്ദേഹം തന്റെ ജീവിതം മുന്നോട്ടു നയിക്കുന്നു.

ഏറെ വൈകിയെത്തിയ ജെ.സി. ഡാനിയേൽ പുരസ്കാരവും പത്മശ്രീ പുരസ്കാരവും അർഹതയുണ്ടായിട്ടും ലഭിക്കാതിരുന്ന മറ്റ് അവാർഡുകളും ഒന്നുമല്ല മധു എന്ന നടനെ വിലയിരുത്തുന്നത്. സത്യൻമാഷും പ്രേം നസീറും അഭ്രപാളിയെ അടക്കിഭരിച്ചിരുന്ന ഒരു കാലഘട്ടത്തിൽ അവരോടൊപ്പം ചേർന്നുനിന്ന് തന്റേതായ അഭിനയശൈലിയിലൂടെ പ്രേക്ഷകരുടെ ഇഷ്ടനായകനായി മാറിയെന്നതാണ് നടനെന്ന നിലയിൽ അദ്ദേഹത്തിന്റെ വിജയം. മാനസമൈനേ വരൂ എന്ന പാട്ടു കേൾക്കുമ്പോൾ പരീക്കുട്ടിയുടെ സുന്ദരമുഖം മനസ്സിൽ തെളിയുന്നതും അതുകൊണ്ടാണ്.

തിരുവനന്തപുരം മേയറായിരുന്ന പരമേശ്വരൻ പിള്ളയുടെയും തങ്കമ്മയുടേയും മൂത്തപുത്രനായി ജനിച്ചു. യഥാർത്ഥ പേര് മാധവൻ നായർ. ബനാറസ് ഹിന്ദു സർവകലാശാലയിൽനിന്ന് ബിരുദവും തുടർന്ന് ബിരുദാനന്തര ബിരുദവും നേടി. 1957 മുതൽ 1959 വരെയുള്ള കാലഘട്ടത്തിൽ നാഗർകോവിലിലെ സൗത്ത് ട്രാവൻകൂർ ഹിന്ദു കോളജിലും സ്കോട്ട് ക്രിസ്ത്യൻ കോളജിലും ഹിന്ദി അധ്യാപകനായി സേവനം അനുഷ്ഠിച്ചു. പിന്നീട് അധ്യാപനജീവിതം ഉപേക്ഷിച്ച് സിനിമയുടെ മാസ്മരികലോകത്തേക്ക് ഇറങ്ങിത്തിരിച്ചു.

മലയാളസിനിമയിൽ എഴുപതുവർഷം പൂർത്തിയാക്കിയ മലയാളത്തിന്റെ മഹാനടന് പിറന്നാൾ ആശംസകൾ...

■




11-ാം പേജ് തുടർച്ച

"നീലകണ്ഠനെ അരുവാമൊഴി കോട്ടവാതിലിനു സമീപം കൊണ്ടുചെന്ന് കൈക്കും കാലിനും വിലങ്ങുതറച്ച് ആഹാരമൊന്നും കൊടുക്കാതെ തടവിൽ പാർപ്പിക്കുക. രാത്രിയും പകലും ഭടന്മാർ കാവൽ നില്ക്കട്ടെ. ഒരു കാരണവശാലും മറ്റാരും അടുത്തു ചെല്ലുന്നതിന് അനുവാദമുണ്ടായിരിക്കുന്നതല്ല."

കൊല്ലുന്നതിനു രാജകല്പനയുണ്ടായില്ലെങ്കിലും ബ്രാഹ്മണന്മാർ ആശ്വസിച്ചു. നാലഞ്ചുദിവസം ജലപാനമില്ലാതെ കിടക്കുമ്പോഴേക്കും നീലകണ്ഠൻ മരിക്കും. അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസംകൂടി. അതിലധികം പോകില്ല.

അധികാരികൾ ഇടപെട്ട് പഴയ ഭടന്മാരെ നീക്കി രണശൂരന്മാരായ പുതിയ ഭടന്മാരെ നിയമിച്ചു.

ഭടന്മാർ ദേവസഹായത്തിനെ കാൽനടയായി അരുവാമൊഴിയിലേക്കു കൊണ്ടുപോയി. യാത്രയ്ക്കിടയിൽ ഭടന്മാർ അദ്ദേഹത്തെ കണക്കറ്റു പ്രഹരിച്ചു. കരിഞ്ഞുതുടങ്ങിയ വ്രണങ്ങൾ വീണ്ടും പിളർന്നു. രക്തവും നീരും കിനിഞ്ഞു.

കരിഞ്ചൂരമുള്ളും ചൂരലും ചാട്ടയും ദേവസഹായത്തിന്റെ ശരീരത്തിൽ ശേഖരിക്കപ്പെട്ടു. അസഭ്യവാക്കുകളാൽ ദേവസഹായം അഭിഷേകം ചെയ്യപ്പെട്ടു.

മരണത്തോടടുത്ത വേദനയായിരുന്നു ദേവസഹായം അനുഭവിച്ചത്. അസ്ഥികളിൽനിന്നു മാംസം ഇളകിപ്പോകുന്നതുപോലെ. കണ്ണുകളിൽ അന്ധകാരത്തിന്റെ സൂചിമുനകൾ ആഴ്ന്നിറങ്ങുന്നു.

ദേവസഹായത്തിനു കാഴ്ച മറഞ്ഞു. മുൻപോട്ടുള്ള വഴി ദേവസഹായത്തിനു കാണായില്ല. നടത്തം മുറിഞ്ഞു. ദേഹം തളർന്നു.

ഭടന്മാർ അദ്ദേഹത്തെ ഉന്തിയും തള്ളിയും മുമ്പോട്ടു കൊണ്ടുപോയി. മർദനങ്ങൾക്കും ലോഭമുണ്ടായില്ല. അരുവാമൊഴിയിലെത്തിയപ്പോൾ ഭടന്മാർ ദേവസഹായത്തിന്റെ കൈകളിലും കാലുകളിലും വിലങ്ങു തറച്ചു. ഒരു പൂവരശുമരത്തിൽ അദ്ദേഹത്തെ ബലമായി കെട്ടിനിറുത്തി.

ഇരിക്കാനോ കിടക്കാനോ നിവൃത്തിയുണ്ടായിരുന്നില്ല ദേവസഹായത്തിന്. കണ്ണുകളിൽ ഇരുട്ടാണ്. ദേഹമാസകലം വിയർപ്പും രക്തവും കൂടിക്കലർന്ന് മുറിവുകൾ നീറ്റലുതിർക്കുന്നു. ദേവസഹായം പുളഞ്ഞു.

ഗ്രീഷ്മകാലത്തിലെ വൃക്ഷമായതിനാൽ പൂവരശ് ഇലകൊഴിച്ചിരുന്നു. സൂര്യനു തടസ്സങ്ങളൊന്നുമില്ലാതെ ദേവസഹായത്തെ ദംശിക്കുവാനായി. ദേവസഹായം തളർന്നു. ബോധം മറഞ്ഞു.

പൂവരശിൽ ചേർത്തു കെട്ടിയിരുന്നതിനാൽ നിലത്തു വീണില്ല. മുന്നോട്ടൊടിഞ്ഞു കുത്തിയ ശിരസുമായി ഒരു പ്രേതം കണക്കെ ദേവസഹായം അങ്ങനെ നില്പാൽത്തന്നെ കിടന്നു.

അങ്ങനെ എത്രനേരം...? ദേവസഹായത്തിന് ഒന്നും നിശ്ചയമുണ്ടായിരുന്നില്ല. ആരോ തന്നെ തലോടുന്നു എന്ന തോന്നലിലാണ് ദേവസഹായം കണ്ണുകൾ തുറന്നത്. അപ്പോഴാണ് അറിയുന്നത് കാറ്റാണ് തന്നെ ഉണർത്തിയത്, ഒരിളംകാറ്റ് അദ്ദേഹത്തിന്റെ സാന്ത്വനത്തിനെന്നവണ്ണം വീശിക്കൊണ്ടിരുന്നു.

നേരം ചാഞ്ഞിരുന്നു. ദേവസഹായത്തിനധികമകലത്തല്ലാതെ ആയുധധാരികളായ ഭടന്മാർ കാവലുണ്ട്. അങ്ങകലെ കുറെ ആളുകളും.

ആരെയും അടുത്തേക്കു വരാൻ പടയാളികൾ സമ്മതിക്കുന്നില്ല. ദേവസഹായത്തിനു ദാഹിക്കുന്നുണ്ടായിരുന്നു. കഠിനമായ വിശപ്പും അനുഭവപ്പെടുന്നു. അദ്ദേഹം ഭടന്മാരിലൊരാളോടു ചോദിച്ചു:

"വെള്ളം... ഇത്തിരി വെള്ളം."

ഈ ചോദ്യം അവർ കേട്ടതായിപ്പോലും ഭാവിച്ചില്ല. കുടിക്കാനോ ഭക്ഷിക്കുവാനോ ഒന്നും അവർ കൊടുത്തില്ല. കരുണാർദ്രമായ ഒരു നോട്ടംപോലും അവരിൽനിന്നുണ്ടായില്ല.

ദേവസഹായം കണ്ണുകളടച്ചു. പ്രാർത്ഥനയിലേക്കിറങ്ങി.

അപ്പോൾ പടിഞ്ഞാറ്റിയിൽ സൂര്യൻ അസ്തമയത്തിനൊരുങ്ങുകയായിരുന്നു.

(തുടരും)

# വിധിക്കപ്പെട്ടവനും വിധികർത്താവും ഈശോമിശിഹാതന്നെ




**ഒക്‌ടോബർ 9**
**ഏലിയ – സ്ലീവ – മൂശെ**
**അഞ്ചാം ഞായർ**

പുറ 20 : 18 – 21
ജോയേ 2 : 1 – 11
ഹെബ്രാ 10 : 19 – 25
മത്താ 25 : 31 – 46



**ഡോ. ജോസഫ് കരികുളം**

**ഏ**ലിയാ - സ്ലീവാ - മൂശാക്കാലങ്ങൾ കർത്താവിന്റെ ദിനത്തെ ഓർമിപ്പിക്കുന്ന സമയമാണ്. അന്ത്യവിധിദിനത്തിൽ എല്ലാ മനുഷ്യരെയും നന്മയുടെ അടിസ്ഥാനത്തിൽ വിധിക്കാൻ കർത്താവ് ആഗതനാകും എന്നതാണ് കർത്താവിന്റെ ദിനം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ദൈവത്തോടു ചേർന്നു നന്മയിൽ ജീവിച്ചവർക്കു സന്തോഷവും, ദൈവത്തിൽ ആശ്രയിക്കാതെ, നന്മ ചെയ്യാതെ ജീവിച്ചവർക്കു ഭയവും ഉളവാക്കുന്ന ദിനമാണത്. നിത്യജീവനിലേക്കുള്ള പ്രവേശനത്തിന് ഒരുങ്ങുന്ന മനുഷ്യന്, ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തെക്കുറിച്ചും മനുഷ്യനു നിത്യരക്ഷയിലേക്കു പ്രവേശിക്കാനായി ദൈവംതന്നെ ഒരുക്കിയ പദ്ധതിയെക്കുറിച്ചും, സൂചനകൾ നല്കുന്ന വചനഭാഗങ്ങളാണ് ഇന്നത്തെ വായനകൾ. അടിസ്ഥാനപരമായി ദൈവത്തിന്റെ സ്വഭാവം കരുണയുടേതാണെങ്കിലും (നമുക്കുവേണ്ടി മരണവിധി ഏറ്റുവാങ്ങിയ ഈശോമിശിഹാ) ഭീതി ജനിപ്പിക്കുന്ന വിധികർത്താവ് (നമ്മുടെ വിധിയാളനായ ഈശോമിശിഹാ) എന്ന രീതിയിലും ദൈവത്തെ ഈ വായനകളിൽ നമുക്കു കാണാം.

**കർത്താവിന്റെ ദിനം ദൈവസ്നേഹത്തെ ഓർക്കാൻ**

ഭീതിയുണർത്തുന്ന ദൈവത്തിന്റെ സാന്നിധ്യത്തിൽനിന്നു മാറിനിൽക്കാൻ ശ്രമിക്കുന്ന ജനത്തെയും അവരെ സാന്ത്വനിപ്പിക്കാൻ ശ്രമിക്കുന്ന മോശയെയും പഴയനിയമത്തിൽനിന്നുള്ള ആദ്യവായനയിൽ നാം കാണുന്നു (പുറപ്പാട് 20:18-21). ഭയം ജനിപ്പിക്കുന്ന ദൈവത്തിന്റെ മഹത്ത്വത്തിന്റെ സാന്നിധ്യത്തിൽ പ്രകൃതിപോലും വിറകൊള്ളുന്നു. ഇടിമുഴക്കവും കാഹളധ്വനിയും മിന്നൽപ്പിണറുകളും സൃഷ്ടിച്ചു തന്റെ വരവിനു പേടിപ്പിക്കുന്നതും നാടകീയവുമായ പശ്ചാത്തലം ഒരുക്കുന്ന ദൈവത്തെയല്ല നാം ഇവിടെക്കാണുന്നത്. മഹത്ത്വമായ ദൈവത്തിന്റെ സാന്നിധ്യത്തിൽ പ്രകൃതിശക്തികൾ ഉത്തേജിക്കപ്പെടുകയും പ്രതികരിക്കുകയും ചെയ്യുകയാണിവിടെ.

പ്രകൃതിശക്തികളുടെ പ്രതികരണത്തിൽ ഭയചകിതരായ ജനം ദൈവം ഇടിമിന്നൽ അയയ്ക്കുന്നവനും വധിക്കുന്നവനുമാണെന്നു തെറ്റിദ്ധരിക്കുന്നു(19). അത്തരമൊരു ദൈവത്തെ അഭിമുഖീകരിക്കാൻ ജനത്തിനു കഴിവില്ല, താത്പര്യവുമില്ല. ദൈവം കാരുണ്യവാനും നന്മയുള്ളവനുമാണെങ്കിലും ജനത്തിന്റെ കുറവുകൾ തങ്ങളെത്തന്നെ ദൈവത്തിൽനിന്ന് അകറ്റിനിറുത്താൻ അവരെ പ്രേരിപ്പിക്കുന്നു. എത്ര കരുണയുള്ള അപ്പന്റെ മുമ്പിലും തെറ്റു ചെയ്തിട്ടു പോയി നില്ക്കാൻ മക്കൾ വിഷമിക്കും. അത് അപ്പന്റെ സ്വഭാവം ഭീതിയുണർത്തുന്നതായതുകൊണ്ടല്ല; മറിച്ച്, തങ്ങളുടെ പാപങ്ങൾക്ക് അപ്പന്റെ മുമ്പിൽ ന്യായീകരണമില്ലാത്തതുകൊണ്ടാണ്. അതിനാൽ, അപ്പന്റെ പക്കൽ മാധ്യസ്ഥ്യം വഹിക്കാൻ അമ്മയെ ചട്ടംകെട്ടുന്നു. ഇസ്രയേൽജനം തങ്ങളുടെ മധ്യസ്ഥനായി മോശയെ നിർദേശിക്കുന്നു.

അമ്മയ്ക്ക് അപ്പന്റെ കരുണ നിറഞ്ഞ സ്വഭാവം നന്നായി അറിയാവുന്നതുപോലെ, മോശയ്ക്കു പരിചയമുള്ള ദൈവവും കരുണാമയനാണ്. അതുകൊണ്ടാണ് മോശ ജനത്തോട് 'ഭയപ്പെടേണ്ട' എന്നു പറയുന്നത്. ദൈവത്തിന്റെ സ്നേഹംതന്നെയാണ് മനുഷ്യനെ ഉത്തേജിപ്പിക്കേണ്ടത്. മനുഷ്യസഹജമായ പാപവാസന പാപത്തിലേക്കു നയിക്കുമ്പോൾ ദൈവത്തിന്റെ സ്നേഹം പാപം ചെയ്യാതിരിക്കാൻ ജനത്തെ നിർബന്ധിക്കുന്നു. തന്നെത്തന്നെ വിശുദ്ധീകരിച്ച് ദൈവസന്നിധിയിൽ നിൽക്കാൻ പ്രാപ്തനായ മോശയ്ക്ക് ദൈവത്തിനു മുമ്പിൽ പേടിയില്ല. പാപം ചെയ്യുന്നതിനു മുമ്പും പിമ്പുമുള്ള ആദിമാതാപിതാക്കളുടെ അവസ്ഥ ഇവിടെ വളരെ അനുയോജ്യമായ ഉദാഹരണമാണ്. പാപം ചെയ്ത പുരുഷനും സ്ത്രീയും 'അവിടത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു' (ഉത്പ. 3:8).

ദൈവം സന്നിഹിതനായിരിക്കുന്ന കനത്തമേഘം (പുറ. 20:21) അരൂപിയായ ദൈവത്തിന്റെ സാന്നിധ്യത്തെ യാഥാർത്ഥ്യമാക്കുന്ന പ്രതീകമാണ്. മനുഷ്യന് അനുഭവവേദ്യമായ വിധത്തിൽ ദൈവത്തിന്റെ സാന്നിധ്യം നില്ക്കുന്നു. പകൽ മേഘത്തിലും രാത്രി അഗ്നിസ്തംഭത്തിലും (പുറ. 13:21) ഇസ്രായേൽജനം ദർശിക്കുന്നതും ദൈവത്തിന്റെ ഈ സാന്നിധ്യംതന്നെ.



**കർത്താവിന്റെ ദിനം പശ്ചാത്താപത്തിലേക്കുള്ള ക്ഷണം**

ആഗതമാകുന്ന കർത്താവിന്റെ ദിനത്തെക്കുറിച്ചുള്ള പ്രവചനമാണ് ജോയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാംവായന (ജോയേൽ 2:1-11). വളരെ വലിയൊരു സൈന്യത്തിന്റെ മുമ്പിലായി, അവരെ നയിച്ചുകൊണ്ട് യുദ്ധം ചെയ്യുന്ന സൈന്യാധിപനായാണ് ജോയേൽപ്രവാചകൻ കർത്താവിനെ ദർശിക്കുന്നത്. അതുകൊണ്ടുതന്നെ സൈന്യത്തിന്റെ യുദ്ധമുറകൾ വർണിച്ചുകൊണ്ടാണ് കർത്താവിന്റെ സൈന്യത്തിന്റെ പ്രത്യേകതകളും ജോയേൽ വിവരിക്കുന്നത്.

കർത്താവിന്റെ സൈന്യത്തിന്റെ ആക്രമണോത്സുകമായ സാന്നിധ്യം ജനത്തിന്റെ മാനസാന്തരത്തിനായുള്ള മുന്നറിയിപ്പായാണ് ജോയേൽ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് കർത്താവിന്റെ ദിനത്തെ ഭയാനകമായി അവതരിപ്പിക്കുന്നതിനൊപ്പം 'പശ്ചാത്തപിച്ചു പൂർണഹൃദയത്തോടെ ദൈവസന്നിധിയിലേക്കു തിരിച്ചുവരുവിൻ' എന്ന് ജോയേൽ പ്രവചിക്കുന്നത് (ജോയേൽ 2:12).

**കർത്താവിന്റെ ദിനം വിധികർത്താവായ മിശിഹാ**

കർത്താവിന്റെ ആഗമനദിനം മനുഷ്യന്റെ വിധിദിവസംതന്നെയാണെന്നും നന്മ ചെയ്തവർ നിത്യജീവനിലേക്കും നന്മ ചെയ്യാത്തവർ നിത്യശിക്ഷയിലേക്കും പ്രവേശിക്കുമെന്നും അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ഈശോയുടെ വാക്കുകളിൽത്തന്നെ സഭ ഇന്നു നമ്മെ പഠിപ്പിക്കുന്നു. (സുവിശേഷം: മത്താ. 25:31-46). ദൈവത്തിന്റെ മഹത്ത്വം മുഴുവനും സംവഹിക്കുന്ന ഈശോമിശിഹായെ സൂചിപ്പിക്കാനായി, മഹത്ത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായ മനുഷ്യനെക്കുറിച്ച് വചനം പരാമർശിക്കുന്നു (25: 31).

ദൈവത്തിന്റെ മഹത്ത്വത്തിന്റെ മുന്നിൽ നില്ക്കാൻ ഇസ്രായേൽജനം ഭയപ്പെടുകയും മോശയെ തങ്ങളുടെ മധ്യസ്ഥനായി അവർ നിശ്ചയിക്കുകയും ചെയ്തു. മനുഷ്യപുത്രന്റെ ആഗമനത്തിലാകട്ടെ മധ്യസ്ഥർ ആരുമില്ലാതെ ഈശോമിശിഹായുടെ മുമ്പിൽ സകലജനതയും നില്ക്കേണ്ടിവരും. മധ്യസ്ഥരുടെ കാലംകഴിഞ്ഞ് ഓരോരുത്തരും താന്താങ്ങളുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സമയമാണിത്. ദൈവത്തിന്റെ മുമ്പിൽ ഭയമില്ലാതെ നില്ക്കുന്നതിനു സഹായകമായ ലളിതമായ സൂത്രവാക്യം ഈശോ വ്യക്തമായി അവതരിപ്പിക്കുന്നുണ്ടല്ലോ. നന്മ ചെയ്തവർ നിത്യജീവനിലേക്കും നന്മ ചെയ്യാത്തവർ നിത്യശിക്ഷയിലേക്കും പ്രവേശിക്കും (25:46). നന്മ ചെയ്തവരും ചെയ്യാത്തവരും എന്നതാണ് പ്രധാനഭാഗം. തിന്മ ചെയ്യുക എന്നതു മാത്രമല്ല, നന്മ ചെയ്യാത്തവരും ശിക്ഷാർഹർതന്നെയാണ്.

**കർത്താവിന്റെ ദിനം മധ്യസ്ഥനായ ഈശോമിശിഹാ**

അന്ത്യവിധിദിനത്തിൽ ഈശോമിശിഹാതന്നെയാണ് വിധികർത്താവായി വരുന്നതെങ്കിലും വിധിദിനത്തിൽ നമ്മുടെ സഹായകനും മധ്യസ്ഥനും ഇതേ ഈശോമിശിഹാതന്നെയായിരിക്കുമെന്ന് ഹെബ്രായലേഖനം സാക്ഷ്യപ്പെടുത്തുന്നു (ലേഖനം ഹെബ്രാ. 10:19-25). അതായത്, പഴയനിയമത്തിൽ മോശ ജനത്തിന്റെ മധ്യസ്ഥനായതുപോലെ ഈശോമിശിഹാ എല്ലാവരുടെയും മധ്യസ്ഥനാകുന്നു. പക്ഷേ, ഈ മധ്യസ്ഥത തന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും ഉത്ഥാനത്തിലുമായി അവൻ എന്നേക്കുമായി നിർവഹിച്ചുകഴിഞ്ഞു. അതിന്റെ ചൈതന്യത്തിൽ ഉത്തരവാദിത്വപൂർണമായി ജീവിക്കുക എന്നതാണ് ജനത്തിന്റെ വിളി. യഥാർത്ഥത്തിൽ കർത്താവ് അന്ത്യദിനത്തിൽ നടത്തുന്ന വിധി, തന്റെ ജീവദായകമായ രക്ഷാകർമത്തിന്റെ ഫലം നാം എത്രയധികം സ്വന്തമായി സ്വീകരിച്ചു എന്നതിന്റെ വിലയിരുത്തലാണ്.

"തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു" (10:20). ഇസ്രായേൽജനം മോശയെ തിരഞ്ഞെടുത്തതുപോലെയുള്ള ഒന്നല്ല ഇത്. ദൈവം തന്റെ ജനത്തിനുവേണ്ടി സ്വപുത്രനെ നല്കുകയാണിവിടെ. ആ രക്ഷയുടെ നാഥനെ അവഗണിക്കാൻ ഇനി നമുക്കു കഴിയില്ല. ഈശോമിശിഹായിൽ സാധിതമായ രക്ഷ സ്വീകരിക്കാതിരിക്കുന്നതാണ് ഏറ്റവും വലിയ പാപം. കർത്താവിന്റെ ദിനത്തിലെ വിധിയാളനും താൻ വിധിക്കുന്നവർക്കുവേണ്ടി എന്നേക്കുമായി കുരിശിൽ വിധിക്കപ്പെട്ടവനും ഒരാൾതന്നെ; സത്യദൈവമായ ഈശോമിശിഹാ. കുരിശിൽ അവർ നമുക്കുവേണ്ടി വിധിക്കപ്പെട്ടതുകൊണ്ട്, വിധികർത്താവായി വീണ്ടും വരുന്ന അവന്റെ മുമ്പിൽ മനോധൈര്യത്തോടെ നില്ക്കാൻ (ഹെബ്രാ. 10:19) നാം യോഗ്യരാകുന്നു.

'നന്മ ചെയ്യുക' എന്നു പറഞ്ഞാൽ ദൈവത്തോടു നന്മ ചെയ്യുക എന്നതു പ്രധാനമാണ്. ദൈവത്തെ സന്തോഷിപ്പിക്കാൻ, മനുഷ്യനു ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നന്മ സത്യദൈവമായ ഈശോമിശിഹായെ രക്ഷകനും നാഥനുമായി അംഗീകരിക്കലാണ് (മാമ്മോദീസാ). അപ്പോൾത്തന്നെ നിത്യജീവനിലേക്കു നാം പ്രവേശിച്ചുകഴിഞ്ഞു. ■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**മേരി ആൻ**
കുര്യനാട്

# നാടുണരുന്നു; ഒപ്പം ടൂറിസവും



ഹണി സുധീർ



എല്ലാവർഷവും സെപ്റ്റംബർ 27 ലോക ടൂറിസംദിനമായി ആചരിക്കുന്നു. ലോകജനതയ്ക്കു സഞ്ചാരത്തിന്റെ പ്രാധാന്യം, ഗുണങ്ങൾ, സാമൂഹ്യ സാംസ്കാരിക സാമ്പത്തികമൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം നൽകുകയാണു ലക്ഷ്യം. 1980 മുതൽ ലോകടൂറിസംദിനം ആചരിച്ചുവരുന്നു. ഓരോ വർഷവും വ്യത്യസ്ത ആശയങ്ങളുമായി ഓരോ രാജ്യങ്ങളിലായാണ് ഈ ദിനം ആചരിക്കുന്നത്. ഈ വർഷം 'റീത്തിങ്കിങ് ടൂറിസം' എന്ന ആശയത്തോടെ ഇന്തോനേഷ്യയിലെ ബാലിയാണ് ആഘോഷത്തിന്റെ വേദി.

നമ്മുടെ കൊച്ചുകേരളത്തിന്റെ പ്രധാനവരുമാനമാർഗമാണ് ടൂറിസം. കൊറോണയ്ക്കുശേഷം ഈ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാർ സംവിധാനങ്ങളും പരിശ്രമിക്കുന്നുണ്ട്. കൊവിഡ് നൽകിയ വൻ സാമ്പത്തികനഷ്ടത്തെ മറികടക്കാനുള്ള പദ്ധതികളുമായി കേരള സർക്കാർ ബഹുദൂരം മുന്നോട്ടു പോയിക്കഴിഞ്ഞു. ടൂറിസം മിഷനിലൂടെ ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ചെറുകിട സംരംഭകരെയും സർക്കാർ ലക്ഷ്യം വയ്ക്കുന്നു.

നാടും നഗരവും ചുറ്റിക്കാണുന്ന പതിവുരീതികളിൽ വന്ന മാറ്റങ്ങൾക്ക് യുട്യൂബർമാരുടെയും വ്ളോഗർമാരുടെയും പങ്കു ചെറുതല്ല. തദ്ദേശീയടൂറിസത്തിനും ഗ്രാമീണകാഴ്ചകൾക്കും രുചിക്കൂട്ടുകൾക്കും നൽകി വരുന്ന പ്രാധാന്യം സാധാരണജനങ്ങൾക്കിടയിലേക്ക് ടൂറിസം മേഖല വ്യാപിച്ചതിനു തെളിവാണ്.

യാത്രകളൊഴിഞ്ഞ കൊറോണക്കാലത്താണ് ജനങ്ങൾ ശരിക്കും ഗ്രാമീണമേഖലയിലെ ടൂറിസംസാധ്യത തിരിച്ചറിഞ്ഞു പ്രവർത്തിച്ചത്. ഗ്രാമീണരുചികൾ തേടി ആളുകൾ സഞ്ചരിക്കാൻ തുടങ്ങി.

ഉത്തരവാദിത്വ ടൂറിസം നടപ്പാക്കുന്നതുവഴി കൂട്ടുത്തരവാദിത്വം പൊതുജനങ്ങൾക്കുകൂടി പകർന്നുകൊടുക്കാൻ കഴിയും. നിലവിലുള്ള പല ടൂറിസ്റ്റു കേന്ദ്രങ്ങളും നേരിടുന്ന പ്രധാന വെല്ലുവിളിയെന്നു പറയുന്നത്, കൃത്യമായ പരിപാലനം ഇല്ലെന്നതുതന്നെയാണ്. ടൂറിസ്റ്റുകൾക്കു ബുദ്ധിമുട്ടുകളില്ലാത്ത രീതിയിൽ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. സമൂഹവിരുദ്ധരുടെ അഴിഞ്ഞാട്ടങ്ങൾ ടൂറിസംകേന്ദ്രങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ജനപങ്കാളിത്തത്തോടെ പദ്ധതികൾ രൂപവത്കരിച്ച് സാമ്പത്തികമുന്നേറ്റവും തൊഴിലവസരങ്ങളും സൃഷ്ടിക്കാവുന്നതാണ്.

കാർഷികമേഖലകളിൽ ഫാം ഹൗസുകളും ഗ്രാമീണമേഖലകളിൽ വീടുകളും ആളുകൾ ഹോം സ്റ്റേയായി നൽകിത്തുടങ്ങിക്കഴിഞ്ഞു. ടൂറിസത്തിന്റെ ഒരു വൻമുന്നേറ്റമാണ് കൊറോണയ്ക്കുശേഷം കാണാൻ കഴിഞ്ഞത്.

പങ്കാളിത്തടൂറിസം പല തരത്തിലുണ്ട്. നേരത്തേ പറഞ്ഞതുപോലെ നമ്മുടെ നാടിന്റെ സംസ്കാരികപൈതൃകങ്ങൾ എല്ലാം തന്നെ മെച്ചപ്പെടുത്തിക്കൊണ്ടുവരികയും ചുമതലകൾ പല തട്ടുകളിലേക്കായി വിഭജിക്കുകയും ചെയ്യുന്നതിലൂടെ ഉത്തരവാദിത്വവും പുരോഗതിയും ഉണ്ടാകും.

ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുകവഴി സഞ്ചാരികളെ കൂടുതൽ ആകർഷിക്കാൻ കഴിയും. കൊറോണയ്ക്കുശേഷം കെഎസ്ആർടിസി ആവിഷ്കരിച്ച ഏകദിന പാക്കേജ് ടൂറിസം പദ്ധതികൾ വളരെ വിജയകരമെന്നാണു റിപ്പോർട്ടുകൾ. ഇത്തരം യാത്രകൾ പൊതുവെ ടൂറിസത്തെക്കുറിച്ചുള്ള ധാരണ ആളുകളിൽ നിന്നു മാറ്റിയെടുക്കാനും ടൂറിസത്തിന്റെ വിവിധവശങ്ങൾ മനസ്സിലാക്കി അതു നടപ്പാക്കാനും വഴിയൊരുക്കുന്നു.

ഇന്നിന്റെ പ്രത്യേകത വില്ലേജ് ലൈഫിലേക്കുള്ള ആളുകളുടെ മടങ്ങിവരവാണ്. തദ്ദേശടൂറിസവികസനത്തിനു പുതിയൊരു വാതിലാണ് അതു തുറന്നുതരുന്നത്. നാടൻകലകളും രുചിക്കൂട്ടും സംസ്കാരവും അറിയാനും അതിൽ പങ്കാളികളാകാനും സഞ്ചാരികൾ ശ്രമിക്കുന്നു.

കാർഷികമേഖലയ്ക്കും ഉത്പന്നങ്ങൾക്കും നല്ലൊരു വിപണികൂടിയാണ് ടൂറിസം വികസനത്തിൽക്കൂടി ലഭ്യമാകുന്നത്. ഗ്രാമീണരുടെ കരകൗശലവസ്തുക്കൾക്ക് ഇന്ന് നല്ല ഡിമാന്റാണ്. ടൂറിസം ഗ്രാമങ്ങളിലേക്കു വ്യാപിച്ചതിനാലാണ് ഇതു സാധ്യമായത്. അതത് ജീവിതങ്ങളെ വരച്ചുകാണിക്കുന്ന ഈ സൃഷ്ടികൾ ലോകവിപണിയിലേക്കെത്തിക്കാൻ സഞ്ചാരികളിലൂടെ സാധിക്കും. നമ്മുടെ ജോലി, താമസം, ഭക്ഷണം എന്നിവയ്ക്കു പുറമേ നമ്മുടെ സംസ്കാരവും സഞ്ചാരികളെ ആകർഷിക്കുന്നതാവണം. എങ്കിൽ മാത്രമേ ടൂറിസം വികസനം എല്ലാ അർത്ഥത്തിലും പൂർണമാവുകയുള്ളൂ.

■

---

കവിജീവിതങ്ങൾ

അജിത്കുമാർ ഗോതുരുത്ത്

# ധാർമികനായ ഗുരുനാനാക്





സിക്കുമത സ്ഥാപകനായ ഗുരുനാനാക് മധ്യകാലഭാരതത്തിലെ മഹാന്മാരായ ആധ്യാത്മിക ഗുരുക്കന്മാരിൽ ഇന്ത്യൻ സാമൂഹിക വ്യവസ്ഥയെ കലുഷിതമാക്കിയ മതമത്സരങ്ങളെ അനുരഞ്ജിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. മറ്റു മതക്കാരോടുള്ള സഹിഷ്ണുത, അടിച്ചമർത്തപ്പെട്ടവരോടുള്ള സഹാനുഭൂതി, നീതിപൂർവമായ ഒരു സമൂഹത്തിനു വേണ്ടിയുള്ള ആവേശകരമായ ആഹ്വാനം ഇവയായിരുന്നു അദ്ദേഹത്തിന്റെ അടിസ്ഥാനസിദ്ധാന്തങ്ങൾ.

നാനാക്കിന്റെ സിദ്ധാന്തങ്ങൾ മധ്യകാലഹിന്ദിയിലും പഞ്ചാബിയിലും രചിക്കപ്പെട്ട ഭക്തകവിതകളുടെ രൂപത്തിലാണു സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. പല രാഗങ്ങളിൽ ആലപിക്കപ്പെടുന്ന അവ ഭാരതീയസാഹിത്യത്തിന്റെ സമ്പൂർണപാരമ്പര്യത്തിന്റെ വിലയേറിയ ഭാഗമാണ്.

മധ്യപഞ്ചാബിലെ ലാഹോറിൽനിന്ന് അധികം ദൂരെയല്ലാതെ റായ്ഭോയ്കിതൽവണ്ടി എന്ന സ്ഥലത്ത് ചെറുകിട ഹിന്ദു കർഷകവ്യാപാരിയും റവന്യൂ ഉദ്യോഗസ്ഥനുമായിരുന്ന കല്യാൺറായിയുടെ മകനായി അദ്ദേഹം ജനിച്ചു. വീട്ടിൽത്തന്നെ സംസ്കൃതം, പേർഷ്യൻ, കണക്ക് എന്നിവ പഠിച്ചു. ശാന്തശീലനായിരുന്നു. ചെറുപ്പത്തിലേ ആധ്യാത്മികജീവിതത്തിലേക്കു സമർപ്പിക്കപ്പെട്ടതാണ് താനെന്ന ബോധം അദ്ദേഹത്തിനുണ്ടായിരുന്നു. യോഗിയോ ഭിക്ഷുവോ ആയിപ്പോകും തന്റെ മകനെന്ന വിശ്വാസം മാതാപിതാക്കളെ അലട്ടി. പതിനെട്ടു വയസ്സായപ്പോഴേക്കും വീട്ടുകാർ അദ്ദേഹത്തിന്റെ വിവാഹം നടത്തി. മാതാ സുലക്ഖന ആയിരുന്നു വധു. രണ്ടുപുത്രന്മാർ പിറന്നു. ശ്രീചന്ദും ലഖ്മീദാസും. പിന്നീട് സിക്കിലെ 'ഉദാസീ' സമ്പ്രദായത്തിനു തുടക്കംകുറിച്ചത് മൂത്ത മകൻ ശ്രീചന്ദാണ്. അവർ പരിവ്രാജകജീവിതം നയിക്കുകയും മതത്തിലും തത്ത്വചിന്തയിലും പാണ്ഡിത്യം നേടുകയും ചെയ്തു. ലഖ്മീദാസ് വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ അനുയായികളാണ് 'ബേദീസാഹിബ് സാദന്മാർ' എന്നറിയപ്പെടുന്ന വിഭാഗം, നാനാക്കിന്റെ പാരമ്പര്യം അവകാശപ്പെടുന്നവർക്ക് ഉന്നതമായ സ്ഥാനം ലഭ്യമായിട്ടുണ്ട്.

ആയിരം പദ്യങ്ങൾ ഉണ്ടെന്നാണു കണക്കാക്കുന്നത്. ഇവയെ പൊതുവെ മൂന്നായി തിരിച്ചിരിക്കുന്നു. ഒന്ന്, തത്ത്വചിന്താപരവും ധ്യാനാത്മകവും. രണ്ട്, ഭാവാത്മകവും ഭക്തിരസപ്രധാനവും. മൂന്ന്, ധാർമികപ്രധാനം.

കൃതികൾ ധാർമികാന്വേഷണം, കരുണയുടെ ശബ്ദം, സമൂഹമനഃസാക്ഷി, ഭാരതത്തിനുവേണ്ടി ത്രസിക്കുന്ന ഹൃദയം, ഈശ്വരപ്രേമം, യോഗസംബന്ധമായത് തുടങ്ങിയ പ്രമേയങ്ങൾ വി ശദമാക്കുന്നു. ധാർമികാന്വേഷണത്തിൽ ജീവിതത്തിലെ പ്രലോഭനങ്ങളും അപകടങ്ങളും ചർച്ച ചെയ്യുന്നു. മനുഷ്യന് മുന്നറിയിപ്പുകൾ നല്കുന്നു.

ഈശ്വരമാർഗത്തിൽനിന്നകന്ന് പ്രലോഭനങ്ങളിൽപ്പെടുന്ന മനുഷ്യജീവിതത്തിന്റെ ദുരവസ്ഥ കരുണയുടെ ശബ്ദത്തിൽ ചർച്ച ചെയ്യുന്നു. ഭാരതത്തിന്റെ ദേശാഭിമാനം ഉയർത്തിപ്പിടിക്കുന്നവയാണ് നാനാക്കിന്റെ കൃതികൾ.

ഈശ്വരപ്രേമനിർവൃതി - ഖണ്ഡകാവ്യമാണ്. ജീവാത്മാപരമാത്മാബന്ധത്തിന്റെ ഐക്യം ഇതിൽ ആവിഷ്കരിക്കുന്നു. മരണം എന്ന വിഷയത്തിൽ കാരുണ്യവും ഭൗതികവസ്തുക്കളോടുള്ള ആഗ്രഹവും വ്യർത്ഥമാണെന്നു സ്ഥാപിക്കുന്ന മുന്നറിയിപ്പുമാണ്. മരണത്തിന്റെ വിജയപഥം വ്യക്തമാക്കാനും ഈ കവികൾക്കായിട്ടുണ്ട്.

'അറിയുക ദൈവികചൈതന്യത്തിനാധാരം മനുഷ്യരെല്ലാം. അവരോടവരുടെ ജാതി ചോദിക്കരുത് പരലോകത്തിൽ ജാതികളില്ലല്ലോ.'

മറ്റൊരു കവിതയിൽ

'ജാതീയസംബന്ധം പേരിൽ
ഗർവമസംബന്ധം
ജീവികൾക്കാധാരം
പരമേശ്വരൻ മാത്രം.'

മറ്റൊരു കവിതയിൽ

'പരലോകം പരിഗണിക്കില്ല
ജാതി, ലൗകികശക്തിയും
പരിശുദ്ധിയതൊന്നത്രേ
പരലോകത്തിൽ പരിഗണന
നാനക് ഈശ്വരദൃഷ്ടിയിൽ
വിശുദ്ധകർമ്മം ചെയ്തവർ മാത്രം.'

അക്കാലത്തെ അഴിമതിയെയും അനീതിയെയുംകുറിച്ച് നാനാജി ഇങ്ങനെ പാടി:

'രാജാവോ ലോഭം,
ദുഷ്കർമം മന്ത്രി
അസത്യമത്രേ മുതലുപിടി
കാമമാണുപദേഷ്ടാവ്
തൻ നിർദേശമെപ്പോഴും തേടുന്നു
അന്ധർ പ്രജകൾ ചിന്തിക്കാറില്ല
ദുർഭരണം താണ്ടും വിഢ്ഢികൾ
പാവങ്ങൾ'

എക്കാലത്തെയും ഇക്കാലത്തെയും ഭരണാധികാരികൾക്കും ഈ കവിത ചേരുന്നു എന്നതാണു സത്യം.

■

# ടെന്നീസ് രാജകുമാരൻ കളമൊഴിഞ്ഞു





ഡോ. ജിൻസ് കാപ്പൻ

ടെന്നീസിൽ ഒരു യുഗത്തിന് അന്ത്യംകുറിച്ചുകൊണ്ട് റോജർ ഫെഡറർ വിരമിച്ചു. 24 വർഷം നീണ്ടുനിന്ന തന്റെ മഹത്തായ ടെന്നിസ് കരിയർ 41 വയസ്സിലാണ് റോജർ ഫെഡറർ അവസാനിപ്പിച്ചത്. സ്വപ്നതുല്യമായ കരിയറിൽ 20 ഗ്രാൻഡ്സ്ലാം കിരീടങ്ങളും 103 എ.ടി.പി. കിരീടങ്ങളും നേടിയ റോജർ ഫെഡറർ 1750 മത്സരങ്ങൾ പൂർത്തിയാക്കിയാണ് കളിക്കളത്തിൽനിന്നു വിടവാങ്ങിയത്. എക്കാലത്തെയും തന്റെ മികച്ച എതിരാളിയായിരുന്ന റാഫേൽ നടാലിനൊപ്പം ലേവർ കപ്പിൽ ഡബിൾസ് പങ്കാളിയായാണ് യൂറോപ്യൻ ടീമിനുവേണ്ടി റോജർ ഫെഡറർ തന്റെ കരിയറിലെ അവസാനമത്സരം കളിച്ചത്. 1998ൽ പ്രൊഫഷണൽ ടെന്നിസിൽ അരങ്ങേറ്റം കുറിച്ച ഫെഡറർ ടെന്നിസ് ലോകം കണ്ട എക്കാലത്തെയും മഹാന്മാരായ താരങ്ങളുടെ നിരയിൽ സ്ഥാനം നേടിയിരുന്നു. 237 ആഴ്ചകൾ തുടർച്ചയായി ലോക ടെന്നിസിൽ ഒന്നാം നമ്പർ സ്ഥാനം അലങ്കരിച്ച റോജർ ഫെഡറർ, 2018ൽ 36–ാം വയസ്സിൽ ലോക ഒന്നാം നമ്പരിലെത്തിയപ്പോൾ ഈ നേട്ടം കുറിച്ച അഭിമാനതാരമായി അദ്ദേഹം മാറിയിരുന്നു.

ദീർഘകാലമായി തന്നെ അലട്ടിയിരുന്ന കാൽമുട്ടിലെ പരിക്കിനെത്തുടർന്നാണ് ഫെഡറർ ടെന്നിസ് മതിയാക്കിയത്. കഴിഞ്ഞ കുറെ വർഷങ്ങളായി പരിക്കുകളും ഫിറ്റ്നസ് പ്രശ്നങ്ങളും അദ്ദേഹത്തെ അലട്ടിയിരുന്നു. പരിക്കുകളെത്തുടർന്ന് കഴിഞ്ഞ മൂന്നു വർഷത്തിനിടെ ഒരു പ്രധാനപ്പെട്ട ടൂർണമെന്റുപോലും കളിക്കാൻ സാധിച്ചിരുന്നില്ല.

1998ൽ വിംബിൾഡൺ ജൂനിയർ ചാമ്പ്യനായാണ് ഫെഡറർ വരവറിയിച്ചത്. പിന്നീട് കോർട്ടുകളിൽ വിസ്മയം തീർത്ത ഫെഡറർ കരിയറിൽ 20 ഗ്രാൻഡ്സ്ലാം കിരീടം എന്ന ചരിത്രനേട്ടം സ്വന്തമാക്കി. പിന്നീട് റാഫേൽ നടാലും നോവാക്ക് ഡോക്കുവിച്ചും ഈ നേട്ടം മറികടന്നെങ്കിലും ഫെഡററുകളുടെ കളിമികവ് ഒന്നു വേറെതന്നെയാണ്. ലോകത്തെ ഏറ്റവും മികച്ച കായികതാരത്തിനു നൽകുന്ന ലോറസ് അവാർഡ് 2005 മുതൽ 2008 വരെ തുടർച്ചയായി നാലു തവണ നേടിയ താരമാണ് ഫെഡറർ. 2018 ലും മികച്ച കായിക താരത്തിനുള്ള ഈ അവാർഡ് ഫെഡററെ തേടിയെത്തി.

2003ൽ ആദ്യഗ്രാൻഡ്സ്ലാം കിരീടം വിംബിൾഡണിൽ നേടിയ ഫെഡറർ അഞ്ചുതവണ (2003–2007) തുടർച്ചയായി വിംബിൾഡൺ നേടി ചരിത്രം സൃഷ്ടിച്ചു. 2004 മുതൽ 2008 വരെ തുടർച്ചയായി അഞ്ചു തവണ യുഎസ് ഓപ്പൺ നേടി രണ്ടു വ്യത്യസ്ത ഗ്രാൻഡ്സ്ലാമുകളിൽ തുടർച്ചയായി അഞ്ചു തവണ ചാമ്പ്യനാകുന്ന ആദ്യത്തെ താരമായി ഫെഡറർ. 2006 ലും 2007 ലും നാല് ഗ്രാൻഡ്സ്ലാം ടൂർണമെന്റുകളിലും ഫൈനലിൽ എത്തിയെങ്കിലും ഫ്രഞ്ച് ഓപ്പണിൽ മാത്രം വിജയിക്കാൻ കഴിഞ്ഞിരുന്നില്ല. മറ്റു ടൂർണമെന്റുകളിൽ മികച്ച പ്രകടനം നടത്തിയിരുന്നെങ്കിലും ഫ്രഞ്ച് ഓപ്പണിൽ ഫെഡറർക്ക് മികവു പുലർത്താനായില്ല. 2006 ലും 2007 ലും 2008 ലും റാഫേൽ നടാലിനു മുന്നിൽ കീഴടങ്ങിയെങ്കിലും 2009 സ്വീഡൻതാരം റോബിൻ സോഡർലിങ്കിനെ നേരിട്ടുള്ള സീറ്റുകൾക്കു പരാജയപ്പെടുത്തി ഫെഡറർ ഫ്രഞ്ച് ഓപ്പൺ നേടുകയുണ്ടായി. തന്റെ 20 ഗ്രാൻഡ്സ്ലാം കിരീടങ്ങളിൽ ഒരുതവണ മാത്രമാണ് ഫ്രഞ്ച് ഓപ്പൺ കിരീടം നേടാൻ സാധിച്ചത്. ടെന്നീസിൽ എല്ലാ പ്രതലങ്ങളിലും മികവുപുലർത്തിയ അപൂർവം പ്രതിഭകളിൽ ഒരാളായിരുന്നു റോജർ ഫെഡറർ. ടെന്നീസ്പ്രേമികൾക്ക് എക്കാലവും ഓർമിക്കാൻ സാധിക്കുന്ന ഒന്നായിരുന്നു റോജർ ഫെഡററും റാഫെൽ നടാലും തമ്മിലുള്ള മത്സരങ്ങൾ.

■

---



ടി.പി. ശാസ്തമംഗലം




# വെറും മൂഢസ്വർഗത്തിൽ

ആകാശവും ഭൂമിയും മറ്റും ഓരോരോ ദിവസങ്ങളിലായി സൃഷ്ടിച്ചശേഷം ദൈവം ആറാം നാളിലാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നു ബൈബിൾ പുതിയ നിയമത്തിൽ പറയുന്നു. മണ്ണുകൊണ്ടു മനുഷ്യനെ മെനഞ്ഞുണ്ടാക്കി മൂക്കിൽ ശ്വാസം ഊതിയാണു ജീവൻ നല്കിയത്. അമ്മയെക്കുറിച്ചുള്ള അർത്ഥവത്തായ ഗാനത്തിൽ.

"ആദിയിൽ ഭൂമിയും മാനവും തീർത്തതു ദൈവമായിരിക്കാം
ആറാം നാളിൽ മനുഷ്യനെത്തീർത്തതും ദൈവമായിരിക്കാം"

(ചിത്രം - ചായം) എന്നു വയലാർ രാമവർമ പാടിയത് ഈ പശ്ചാത്തലത്തിലാണ്. അങ്ങനെ ആറാം നാളിന്റെ പ്രസക്തിയെക്കുറിച്ച് ഒരു ഗാനത്തിലൂടെ നമുക്കു മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ, ഈ അടുത്ത കാലത്തു പ്രദർശനത്തിനു വന്ന 'വിശുദ്ധ മെജോ' എന്ന ചിത്രത്തിൽ ഇത്തരം സങ്കല്പത്തെ പാടേ അവഗണിച്ചുകൊണ്ടാണ് ആറാം നാളിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് കാണുക:

"ആറാംനാൾ സന്ധ്യയ്ക്ക്
ആററെടെ വണ്ടിക്ക്
ഒപ്പമിരുന്നു നാം
പാട്ടു പകുത്തില്ലേ
ഒറ്റയ്ക്കിരുന്നു നാം
കാറ്റു പകുത്തില്ലേ" (ഗാനരചന-സുഹൈൽ കോയ; സംഗീതം - ജസ്റ്റിൻ വർഗീസ്; ആലാപനം - വിപിൻലാൽ, മീര ജോണി)

ഏഴു ദിവസങ്ങൾ ഉൾക്കൊള്ളുന്നതാണ് ഒരാഴ്ച എന്ന കണക്കനുസരിച്ചാണെങ്കിൽ ആറാംനാൾ ശനിയാഴ്ചയായിരിക്കും. ചില ദിവസങ്ങളുടെ പേരുകൾ എടുത്തുപറഞ്ഞുകൊണ്ടുള്ള ഗാനങ്ങൾ പിറന്ന ചരിത്രമാണ് നമ്മുടെ ഭാഷയ്ക്കു പറയാനുള്ളത്. ചിലതു ചൂണ്ടിക്കാണിക്കാം.

1) "തങ്കഭസ്മക്കുറിയിട്ട തമ്പുരാട്ടീ നിന്റെ
തിങ്കളാഴ്ച നൊയമ്പിന്നു മുടക്കും ഞാൻ"
(ചിത്രം - കൂട്ടുകുടുംബം)

2) "ഞായറാഴ്ചകൾ നമ്മുടെ സഖികൾ
പ്രണയഗാഥ പാടിവരും കൂട്ടുകാരികൾ"
(ചിത്രം - ജിമ്മി)

3) "വെള്ളിയാഴ്ചനാൾ ചന്ദ്രനെ കണ്ടാൽ
വെള്ളുക്കുവോളം വിരുന്ന്" (ചിത്രം-ശിക്ഷ)

'വിശുദ്ധ മെജോ' എന്ന ചിത്രത്തിലെ ഗാനത്തിൽ അവ്യക്തമായി ആറാംനാൾ പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ആ ദിവസം സന്ധ്യയ്ക്ക് ആററെടെ വണ്ടിക്ക് ഒപ്പമിരുന്നു നായികാനായകന്മാർ രണ്ടുപേരും പാട്ടു പകുത്തതു മനസ്സിലാക്കാം. യുഗ്മഗാനമായിരിക്കാം പാടിയത്. എന്നാൽ, ഒറ്റയ്ക്കിരുന്ന് അവർ കാറ്റു പകുത്തതിന്റെ പൊരുൾ എത്ര ചിന്തിച്ചിട്ടും പിടികിട്ടുന്നില്ല. ഒറ്റയ്ക്ക് എന്നു വച്ചാൽ തനിച്ച് എന്നാണല്ലോ അർത്ഥം. ഇവിടെ രണ്ടുപേരെക്കുറിച്ചു പറയുന്നു. എന്നു മാത്രമല്ല, ഗാനചിത്രീകരണത്തിൽ നാം അവരെ കാണുന്നുമുണ്ട്. അപ്പോൾ 'ഒറ്റയ്ക്കിരുന്നു നാം കാറ്റു പകുത്തു' എന്നെഴുതിയത് ഭാഷയെ അവഹേളിക്കുന്നതിനു തുല്യമായി.

"ഏഴാംനാളൊരുച്ചയ്ക്ക്
എന്റെ കൂടെ കൊച്ചിക്ക്
ഒട്ടിയിരുന്നു നാം നീരു പകുത്തില്ലേ
ഒന്നിച്ചിരുന്നു നാം ചേലു പകുത്തില്ലേ"

ഈ പാട്ടിന്റെ രചയിതാവിന് ഏതു ദിവസമാണെന്നു നേരെയങ്ങു പറയുന്നത് ഇഷ്ടമല്ല. അതിനുപകരം ആറാംനാൾ, ഏഴാംനാൾ എന്നൊക്കെ മാത്രമേ അദ്ദേഹം പറയൂ. നേരത്തെ ആറാം നാളിനെക്കുറിച്ചു സൂചിപ്പിച്ചതിനാൽ ഏഴാംനാൾ പിറ്റേന്നാണെന്നു കരുതാം. അന്ന് ഉച്ചയ്ക്ക് കൊച്ചിക്കു പോയ 'കഥ'യാണു മുകളിൽ എടുത്തെഴുതിയ വരികളിൽ. എന്തു നീരാണാവോ അവർ ഒട്ടിയിരുന്നു പകുത്തത്? എന്തായാലും ഇവിടെ ഒറ്റയ്ക്കിരുന്നു രണ്ടാളും പകുത്തില്ലല്ലോ. അത്രയും ആശ്വാസം!

"പിറ്റേന്നാളൊരോരത്തു
പറ്റിനിന്ന നേരത്തു
ഒപ്പമിരുന്നു നാം വഞ്ചി പകുത്തില്ലേ
ഓരത്തിരുന്നു നാം മഞ്ഞു പകുത്തില്ലേ"

ഇങ്ങനെ പരസ്പരം പകുത്തതിന്റെ പട്ടിക അവതരിപ്പിച്ച് ഗാനമാക്കി മാറ്റിയിരിക്കുന്നു പാട്ടെഴുത്തുകാരൻ. ഗാനം പുരോഗമിക്കുന്തോറും കൂടുതൽ കൂടുതൽ ബാലിശമായിത്തീർന്നിരിക്കുന്നു എന്നതത്രെ എടുത്തുപറയേണ്ട വസ്തുത. ഇത്തരത്തിൽ വാക്കുകൾ കുത്തിനിറച്ച് ഗാനമെന്ന വ്യാജേന പുറത്തിറക്കുകയാണ് അതിനുപിന്നിൽ പ്രവർത്തിക്കുന്നവർ. ഇത്തരം വില കുറഞ്ഞ സാഹിത്യം കേട്ട് ആസ്വാദകർ പുളകം ചൂടുമെന്നാണ് അവരുടെ കണക്കുകൂട്ടൽ. അവർ മൂഢസ്വർഗത്തിലാണെന്നു പറഞ്ഞുകൊള്ളട്ടെ.

■

Deepanalam Weekly
RNI No : 16998/68
Vol. 55 No. 30 Date of Publication 29 Sept 2022
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

Edimannickal
FASHION JEWELLERY

0% EXCHANGE OFFER
പഴയ 22ct സ്വർണ്ണാഭരണങ്ങൾ മാറ്റിവാങ്ങാം വിലയിലോ തൂക്കത്തിലോ കുറവ്വരാതെ

50% OFF
സ്വർണ്ണാഭരണങ്ങളുടെ പണിക്കൂലിയിൽ 50% വരെ കുറവ്

UP TO 10,000 OFF
ഒരു ലക്ഷം രൂപയുടെ ഡയമണ്ട് പർച്ചേസുകൾക്ക് 10000 രൂപ വരെ ഡിസ്ക്കൗണ്ട്

ഈ ഓഫർ 2022 ഒക്ടോബർ 15 വരെ മാത്രം

Edimannickal Fashion Jewellery,
Edimannickal Building, Opp KSRTC Bus Stand,
Pala - Thodupuzha Road, Pala, Ph : 04822 214875,216875




PALA ▪ KANJIRAPPALLY ▪ MUNDAKAYAM ▪ MUKKOOTTUTHARA

33 വർഷത്തെ സേവനപാരമ്പര്യം

നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn;
അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
- (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



60 Years Trust
KTS PRODUCTS
SINCE 1995

Tastit™
ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015
CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org